KOTTAYAM PUBLIC LIBRARY

M 294

Call No. MAN - H Acc. No. 11137

Author മംഗളോദയം ചെസ്

Title [illegible]

X

No 11137

KOTTAYAM.

# ഹിന്ദുപിൻതുടച്ച്യാവകാശനിയമം

## 1956-ലെ 30-ാംനമ്പ്ര് ആക്ട്

### 1

ഹിന്ദുനിയമം മൌലികമായി രണ്ടുൾപ്പിരിവോട്ടക്കൂടിയതാണ്— മിതാക്ഷരവും ദായഭാഗവും. ബംഗാൾ ഒഴികെയുള്ള മററെല്ലാ പ്രദേശത്തും മിതാക്ഷരവും, ബംഗാളിൽ ദായഭാഗവും; ഇങ്ങനെയാണ് നടന്നവരുന്നതു്. മിതാക്ഷരനിയമത്തിൽതന്നെ പലേ ശാഖകളും ഉണ്ടു്:— ബോംബെ, മദിരാശി, ബനാറസ്, മിഥില എന്നിവ. ഇവയ്ക്കു പുറമേ തിരു-കൊച്ചി, മലബാർ, കണ്ണാടകം എന്നിവിടങ്ങളിൽ പ്രത്യേകനിയമങ്ങളുമാണ് ഇന്നു നിലവിലുള്ളതു്. ഈ തരവൈവിദ്ധ്യങ്ങളെയെല്ലാം തുടച്ചുനീക്കി ഇന്ത്യയ്ക്കൊട്ടാകെ ഒരു പൊതുഹിന്ദുനിയമം (code) ഉണ്ടാക്കുവാനുദ്ദേശിച്ച ചില പ്രവത്തനങ്ങളെല്ലാം നടക്കുകയുണ്ടായി. ഒരു കമ്മിററിയെ നിയമിച്ചു. കമ്മിററി ഹിന്ദുനിയമമൊട്ടാകെ പരിശോധിച്ചു് ഒരു കോഡ് തയ്യാറാക്കി. പക്ഷേ ആ കോഡ് അങ്ങനെതന്നെ പാർളിമെൻറിൽ പാസ്സാക്കിയെടുക്കുവാൻ പലേ വിഷമതകളും കാണുകയാൽ അതിനെ പ്രത്യേകം പ്രത്യേകം ഭാഗങ്ങളായി തിരിച്ചു നിയമങ്ങളാക്കിയെടുക്കുവാനാണ് ഉദ്യമിച്ചുവരുന്നതു്. ആദ്യം വിവാഹത്തെപ്പററിയുള്ളതു നിയമമാക്കി—ഹിന്ദുവിവാഹആക്ട് (1955-ൽ 25-ാംനമ്പ്ര് ആക്ട്) 1955 മേയ്മാസം 18-ാംനു- ബലത്തിൽ വന്നുകഴിഞ്ഞിരിക്കുന്നു. പിന്നീടു പിൻതുടച്ച്യാവകാശം ആലോചനയ്ക്കെടുത്തു. അതും നിയമമായിക്കഴിഞ്ഞു. 1956 ജൂൺമാസം 17-ാംനു- പ്രസിഡൻറിൻെറ അനുമതി സിദ്ധിച്ചതോടുകൂടി പിൻതുടച്ച്യാവകാശആക്ട് ബലത്തിൽ വന്നു. മൂന്നാമത്തേതു "ഹിന്ദുമൈനോറിട്ടിയും രക്ഷാകർത്തൃത്വവും." ഈ ആക്ട് 1956 ആഗസ്റ്റ് 25-ാംനു-യും ബലത്തിൽ വന്നുകഴിഞ്ഞിരിക്കുന്നു.

NATIONAL BOOK DEPOT KOTTAYAM

ഈ നിയമങ്ങൾ, അവ നിലവിൽ വരുന്നതിന്നുമുമ്പുവരെ നിലവിലുണ്ടായിരുന്ന, ഹിന്ദുനിയമത്തിൽ വമ്പിച്ച, വിപ്ലവകരങ്ങളായ മാററങ്ങളാണ് വരുത്തിയിട്ടുള്ളത്. 'ഹിന്ദു'വിൻെറ വ്യാപ്തി വിപുലപ്പെടുത്തി; ഇവ രാജ്യത്തുള്ള സകലഹിന്ദുക്കൾക്കും ഒരുപോലെ ബാധകമാക്കി. ഹിന്ദുക്കളിൽ വീരശൈവന്മാർ, ലിംഗായതന്മാർ, ബ്രഹ്മസമാജക്കാർ, പ്രാത്ഥനാസമാജക്കാർ, ആയ്യസമാജക്കാർ എന്നിവരും; ബൌദ്ധന്മാർ, ജയിനന്മാർ, ശിഖന്മാർ എന്നിവരും ഉൾക്കൊള്ളുന്നതായി നിവ്വചിച്ചിരിക്കുന്നു. ചുരുക്കത്തിൽ മുസ്ലിം, കൃസ്ത്യൻ, പാർസി, യഹൂദൻ എന്നിവരൊഴിച്ചുള്ള എല്ലാ ജനവിഭാഗത്തിന്നും ഈ നിയമങ്ങൾ ബാധകമാക്കിയിട്ടുണ്ട്. എന്നാലങ്ങിനെയുള്ളവരാരെങ്കിലും തങ്ങൾക്കു ഹിന്ദുനിയമമോ അതിൻെറ ഭാഗമായ ആചാരനടപടികളോ ഈ നിയമങ്ങളിൽ വിവരിച്ചിട്ടുള്ള സംഗതികളെസ്സംബന്ധിച്ചേടത്തോളം ബാധകമാകുമായിരുന്നില്ലെന്നു തെളിയിച്ചാൽ അവക്ക് ഈ നിയമങ്ങളും ബാധകമാകുന്നതല്ല [പിൻതുടച്ചാവകാശനിയമം രണ്ടാംവകുപ്പിൽ (1) (c) ഉപവകുപ്പു നോക്കുക]. എന്നുതന്നെയല്ല, ഹിന്ദു-ബൌദ്ധ-ജയിന-ശിഖമതാനുയായികളായി ജന്മനാ തീന്നവരോ, മതപരിവത്തനംകൊണ്ടോ പുനഃപരിവത്തനംകൊണ്ടോ ആയിത്തീന്നവരോ എന്നുള്ള വ്യത്യാസം ഈ നിയമങ്ങൾ വകവെച്ചുകൊടുക്കുന്നില്ല. മാതാപിതാക്കന്മാർ ഹിന്ദുക്കളോ, ബുദ്ധമതാനുയായികളോ, ജയിനന്മാരോ, ശിഖന്മാരോ ആണെങ്കിൽ അവരുടെ സന്താനങ്ങൾ നിയമാനുസൃതവിവാഹത്തിൽനിന്നുണ്ടായതായാലും അല്ലെങ്കിലും (legitimate or illegitimate) ഹിന്ദു-ബൌദ്ധ-ജയിന-ശിഖന്മാർതന്നെയാണ്. മാതാപിതാക്കന്മാരിലൊരാൾ ഹിന്ദുവോ, ബൌദ്ധനോ, ജയിനനോ, ശിഖനോ ആവുകയും ആ ആൾ അയാളുടെ സന്താനത്തെ അയാളുടെ വംശത്തിലെയോ, സമുദായത്തിലെയോ, കുടുംബത്തിലെയോ അംഗമെന്ന നിലയ്ക്കു വളത്തിക്കൊണ്ടുവരികയും ചെയ്താൽ ആ സന്താനവും ഹിന്ദുവോ, ബൌദ്ധനോ, ജയിനനോ, ശിഖനോ ആയിരിക്കുന്നതാണ്.

ഹിന്ദുപിൻതുടച്ചാവകാശനിയമം എല്ലാ ഹിന്ദുക്കൾക്കും ഒരുപോലെ ബാധകമാക്കിയിട്ടുണ്ടെങ്കിലും, ഇപ്പോൾ ഈ നിയമം ഇന്ത്യൻഭരണഘടനയിലെ 366-ാം ആർട്ടിക്കിളിലെ 25-ാംവകുപ്പിൽ നിവ്വചിക്കപ്പെട്ട പട്ടികവർഗ്ഗങ്ങൾക്കു (Scheduled tribes) ബാധകമാക്കിയിട്ടില്ല. ബാധകമാക്കുന്നതിന്നു കേന്ദ്രഗവമ്മെൻറിൻെറ ഔദ്യോഗികഗസററിൽ ആ വിവരത്തിന്നുള്ള വിജ്ഞാപനം ചെയ്യേണ്ടതാണ്.

ചില സ്വത്തുക്കളും ഈ നിയമത്തിൻെറ പിടിയിൽനിന്നൊഴിവാണ്. അവ:—(1) പ്രത്യേകവിവാഹനിയമ(Special Marriage Act 43 of 1954)ത്തിലെ 21-ാംവകുപ്പനുസരിച്ച് ഏതെങ്കിലും സ്വത്തിൻെറ പിൻതുടച്ച ഇന്ത്യൻപിൻതുടച്ചാവകാശആക്റ്റ് (1925-ൽ 39-ാംനമ്പ്ര് ആക്റ്റ്) നിയന്ത്രിക്കുമെന്നു വ്യവസ്ഥചെയ്തിട്ടുണ്ടെങ്കിൽ ആ സ്വത്ത്; (2) ഏതെങ്കിലുമൊരു മുൻനാട്ടുരാജ്യത്തിലെ ഭരണത്തലവൻ ഇന്ത്യാഗവമ്മൻറായി ഏർപ്പെട്ടിട്ടുള്ള ഉടമ്പടിയോ കരാറോപ്രകാരം, അല്ലെങ്കിൽ ഈ നിയമം ബലത്തിൽ വരുന്നതിന്നുമുമ്പു പാസ്സാക്കിയിട്ടുള്ള ഏതെങ്കിലും നിയമപ്രകാരം, ഒരു എസ്റ്റേററ് ഏതെങ്കിലുമൊരേകാവകാശിക്കു പിൻതുടച്ചവഴിക്കു സിദ്ധിക്കുമെന്നുണ്ടെങ്കിൽ ആ എസ്റ്റേററ്; (3) കൊച്ചിമഹാരാജാവിൻെറ 1949 ജൂൺ 29-ാംനു-ത്തെ (1124-ൽ 9-ാംനമ്പ്ര്) വിളംബരപ്രകാരം പാലസ് അഡ്മിനിസ്ട്രേഷൻബോർഡ് ഭരിച്ചുവരുന്ന പാലസ്ഫണ്ടും, വലിയമ്മത്തമ്പുരാൻകോവിലകം എസ്റ്റേററും. ഇത്രമാത്രമേ ഈ നിയമത്തിൻെറ പരിധിയിൽ നിന്നൊഴിവാക്കിയിട്ടുള്ളു. എന്നാൽ,

സംശയനിവാരണത്തിന്നായി ഒരു സംഗതികൂടി നാലാംവകുപ്പിൽ വ്യക്തമാക്കിയിട്ടുണ്ട്. അതിതാണ്:—കൃഷിഭൂമി തുണ്ടംതുണ്ടമായി മുറിയുന്നതിനെ തടയുവാൻവേണ്ടിയോ, കൈവശഭൂമിയുടെ പരമാവധി നിർണ്ണയിക്കുവാൻവേണ്ടിയോ, അങ്ങനെയുള്ള ഭൂമികളിന്മേലെ കുടിയായ്മ അവകാശത്തിൻെറ പിന്തുടച്ചയെ നിയന്ത്രിക്കുവാൻവേണ്ടിയോ, പാസ്സാക്കി ഇപ്പോൾ നിലവിലിരിക്കുന്ന ഏതെങ്കിലും നിയമത്തിലെ വ്യവസ്ഥകളെയും ഈ ഹിന്ദുപിൻതുടച്ചാവകാശനിയമം ബാധിക്കുന്നതല്ല.

ഈ നിയമത്തിന്നു പിൽക്കാലപ്രാബല്യമുണ്ടാവുന്നതല്ല. എന്നാൽ ഇതു നടപ്പിലാവുന്നതിന്നടുത്തു മുമ്പു ബലത്തിൽ ഇരുന്ന സ്മൃതി, ഹിന്ദുനിയമത്തെസ്സംബന്ധിച്ചുള്ള വിധി, വ്യാഖ്യാനം, നടപടി, ആചാരം എന്നിവ പിൻതുടച്ചാവകാശനിയമം നടപ്പിലായതോടുകൂടി അതിൽ വ്യവസ്ഥചെയ്തിട്ടുള്ള സംഗതികൾക്കു ബാധകമല്ലാതായിത്തീന്നിരിക്കുന്നു. ഈ നിയമം നടപ്പിലാവുന്നതിന്നടുത്തു മുമ്പു നിലവിലുള്ള ഏതു നിയമത്തിലെയും, ഈ പിൻതുടച്ചാവകാശനിയമത്തിലെ വ്യവസ്ഥകൾക്കു നിരക്കാത്തതോ വിരുദ്ധമായതോ ആയ, വ്യവസ്ഥകൾ ഹിന്ദുക്കൾക്കു ബാധകമാകുന്നതല്ല. അത്രയും സുശക്തവും മററെല്ലാ വ്യവസ്ഥകളെയും റദ്ദാക്കുന്നതുമാണ് ഹിന്ദുപിന്തുടച്ചാവകാശനിയമത്തിലെ വ്യ

വസ്ഥകൾ, [നാലാംവകുപ്പ് ഒന്നാം ഉപവകുപ്പിലെ (a) (b) എന്നീ വ്യവസ്ഥകൾ നോക്കുക.]

പൊതുവെ ഈ നിയമത്തിന്നു പിൽക്കാലപ്രാബല്യമില്ലെങ്കിലും പതിനാലാംവകുപ്പു പിൽക്കാലപ്രാബല്യം നല്കുന്ന ഒന്നാണ്. സ്ത്രീകളുടെ സ്വത്തിന്റെ സ്വഭാവത്തെസ്സംബന്ധിച്ചതാണ് പതിനാലാംവകുപ്പ്. അവർ എന്നു സമ്പാദിച്ചതായാലും വേണ്ടതില്ല, ഇന്നവർ കൈവശംവെച്ചുവരുന്ന എല്ലാ സ്വത്തും പൂർണ്ണാവകാശത്തോടുകൂടി അവർ കൈവശംവെക്കുന്നതാണ്. ഈ നിയമം നടപ്പിലാവുന്നതിന്നു മുമ്പേ സമ്പാദിച്ചതായാലും അതിന്മേൽ സ്ത്രീകൾക്കു പൂർണ്ണാവകാശം ഈ വകുപ്പു നല്കുന്നുണ്ട്.

## 2

കേരളീയരെ ഈ നിയമം എങ്ങനെ ബാധിക്കുന്നു എന്നതാണ് കൂടുതലായി ഞാനിവിടെ ചിന്തിക്കുവാൻ പോകുന്നത്. കേരളീയരിൽ തന്നെ മിതാക്ഷരനിയമക്കാരുണ്ട്. അവർക്കു മറെറല്ലായിടത്തുമുള്ളതുപോലെ ഇവിടെയും മിതാക്ഷരനിയമാനുസാരികളെ ബാധിക്കുന്നതായ ഇതിലെ വ്യവസ്ഥകൾ ബാധിക്കുന്നു. പൻതുടച്ചയുടെ കാര്യത്തിൽ സമൂലപരിവർത്തനമാണ് പുതിയ നിയമം വരുത്തിയിട്ടുള്ളത്. പരിമിതാവകാശംമാത്രമുണ്ടായിരുന്ന സ്ത്രീയെ പൂർണ്ണാവകാശക്കാരിയാക്കി. 'മലബാർനിയമം' അനുസരിക്കുന്ന നമ്പൂതിരി, നായർ തുടങ്ങിയവർക്ക് ഇതൊരു പുതിയാനമല്ല. ഇവിടെ നായർ–നമ്പൂതിരി–മരുമക്കത്തായനിയമങ്ങൾപ്രകാരം ഒരു സ്ത്രീയും പുരുഷനോടൊപ്പംതന്നെ തറവാട്ടുസ്വത്തിന്നു സമാവകാശിനിയാണ്; ഭാഗിക്കുമ്പോൾ പൂർണ്ണാവകാശത്തോടുകൂടിയ ഒരു ഭാഗം അവൾക്കും കിട്ടുന്നു. ഹിന്ദുമിതാക്ഷരക്കൂട്ടുകുടുംബത്തിന്ന് (Coparcenary) ഒരു പുരുഷനോടൊപ്പം അവകാശപ്പെടുവാൻ ഈ നിയമം ബലത്തിൽ വരുന്നതിന്നുമുമ്പ് ഒരു സ്ത്രീക്കു സാധിച്ചിരുന്നില്ല. മകനും മകൾക്കും തുല്യമായ അവകാശം കൊടുക്കുക എന്നതു മിതാക്ഷരനിയമത്തിന്നു ചിന്തിക്കുവാൻപോലും വയ്യായിരുന്നു. ഇപ്പോൾ ആ നിയമങ്ങളെല്ലാം മാറിയിരിക്കുന്നു—തുല്യത അനുവദിച്ചുകൊടുത്തുകഴിഞ്ഞിരിക്കുന്നു.

നമ്പൂതിരിനിയമത്തിൽ തുല്യാവകാശം അനുവദിച്ചിട്ടുണ്ടെങ്കിലും പരിപൂർണ്ണമല്ല; ചില ഉപാധികളതിന്നു നല്കിക്കാണുന്നുണ്ട്. വിവാഹിതപുത്രി, അവിവാഹിതപുത്രി എന്ന വ്യത്യാസം നമ്പൂതിരിനിയമം വക

വെച്ചുകൊടുക്കുന്നുണ്ടു്. എന്നാൽ ഹിന്ദുപിൻതുടച്ചാവകാശനിയമത്തിൽ ആ വ്യത്യാസം അംഗീകരിച്ചിട്ടില്ല.

ഈ നിയമം നിലവിൽ വന്നതോടുകൂടി കൂട്ടുകുടുംബസ്വത്തിന്റെ സ്വഭാവം തീരെ മാറിയിരിക്കുന്നു. ചിലക്കു കൂട്ടുകുടുംബസ്വത്തു ഭാഗിക്കത്തക്കതല്ല. കൊച്ചിനമ്പൂതിരിആക്ടു് അനുസരിക്കുന്ന സമുദായക്കാൎക്കു ഭാഗം അനുവദിച്ചിട്ടില്ല. വേറെ ചിലക്കു ഭാഗാധികാരമുണ്ടെങ്കിലും താവഴിഭാഗമേ അനുവദിച്ചിട്ടുള്ളൂ. മദിരാശിമരുമക്കത്തായആക്ടിലെ വ്യവസ്ഥ അങ്ങിനെയാണു് [ടി ആക്ടു് 38-ാംവകുപ്പു നോക്കുക]. മററു ചിലക്കു യഥാൎത്ഥഭാഗം കഴിയുന്നതിന്നുമുമ്പു യാതൊരാൾക്കും തറവാട്ടുസ്വത്തിന്റെ നിൎവ്വചിക്കപ്പെട്ട ഒരോഹരിയ്ക്കുവകാശപ്പെടാവുന്നതല്ല. അങ്ങിനെയുള്ളൊരു ഓഹരി യാതൊരാൾക്കും കൈമാററം ചെയ്യുവാനോ ജപ്തിചെയ്യുവാനോ, പിൻതുടച്ചവഴിയ്ക്കുവകാശപ്പെടുവാനോ പാടുള്ളതല്ല. അങ്ങിനെ കൊച്ചിനായർആക്ടിൽ വ്യവസ്ഥ ചെയ്തിരിക്കുന്നു [നായർആക്ടു് 62-ാംവകുപ്പു നോക്കുക].

ഇത്തരം വൈവിധ്യങ്ങൾ പിൻതുടച്ചയെ സംബന്ധിച്ചേടത്തോളം, പിൻതുടച്ചാവകാശനിയമം ബലത്തിൽ വന്നതോടുകൂടി തുടച്ചുനീക്കപ്പെട്ടു. ഇപ്പോൾ ഏതൊരു ഹിന്ദുവിന്നും അയാൾക്കയാളുടെ കൂട്ടുകുടുംബസ്വത്തിന്മേലുള്ള അവകാശം, ഭാഗത്തിന്നധികാരമില്ലെങ്കിലും ഉണ്ടെങ്കിലും, ഭാഗിച്ചിട്ടില്ലെങ്കിൽക്കൂടി, ഒസ്യത്തെഴുതി കൊടുക്കാവുന്നതാണു്. പിൻതുടച്ചാവകാശയിയമം 30-ാംവകുപ്പിൽ ഇതു വ്യക്തമാക്കിയിട്ടുണ്ടു്. മിതാക്ഷരകൂട്ടുകുടുംബ(Coparcenary)ത്തിലെ ഒരു പുരുഷന്നും ഈ അവകാശം സിദ്ധിച്ചിട്ടുണ്ടു്.

ഈ ഒസ്യത്തെഴുതുവാനുള്ള അവകാശത്തിന്മേൽ ഒരു പരിധി വെച്ചുകാണുന്നുണ്ടു്. 30 (2)-ാംവകുപ്പു നോക്കുക. അതിതാണു്:—ഒസ്യത്തെഴുതാതെ മരിക്കുന്ന ഒരാളുടെ അവകാശിയെന്ന നിലയ്ക്കു മരിച്ചാളുടെ സ്വത്തിന്നവകാശപ്പെടാവുന്ന ഒരാൾക്കു് ഒസ്യത്തുമൂലം അവകാശമില്ലാതായിത്തീരുകയും എന്നാൽ അയാൾക്കു് മരിച്ചാളുടെ സ്വത്തിൽനിന്നു ചിലവിന്നു കിട്ടുവാനവകാശമുണ്ടെന്നു വരികയും ചെയ്യുന്നതായാൽ പിൻതുടച്ചവഴിക്കു സ്വത്തയാൾക്കു കിട്ടിയില്ലെങ്കിലും, ചിലവിന്നു കിട്ടുവാനുള്ള അവകാശത്തെ ആ ഒസ്യത്തു ബാധിക്കുന്നതല്ല. ചിലവിന്നു കിട്ടുവാനുള്ള അയാളുടെ അവകാശം സുരക്ഷിതമാണു്.

ഒരാളുടെ സ്വത്തു പിൻതുടൎച്ചവഴിക്കു് അവകാശികൾക്കു സിദ്ധി ക്കുന്നതു് ഈ പിൻതുടൎച്ചാവകാശനിയമം നിലവിൽ വരുന്നതിന്നുമു മ്പു്, മരിക്കുന്ന ആളുടെ സ്വയാൎജ്ജിതമോ, സ്വകാൎയ്യമോ, ഭാഗിച്ചു വേ റിട്ടു കിട്ടിയതോ ആയ സ്വത്തിനെസ്സംബന്ധിച്ചേടത്തോളംമാത്രമായിരു ന്നു; അതുപോലെ മിതാക്ഷരക്കൂട്ടുകുടുംബസ്വത്തി(Coparcenary pro- perty)ൻെറ അവസാനത്തെ അവശിഷ്ടാംഗത്തിൻെറ എല്ലാ സ്വത്തും പിൻതുടൎച്ചവഴിക്കു് അനന്തരാവകാശികൾക്കു ലഭിക്കുമായിരുന്നു. ഈ സ്വത്തിൽ അവശിഷ്ടാംഗത്തിന്നു കൈവന്ന കൂട്ടുകുടുംബസ്വത്തും (Co- parcenary property) ഉൾപ്പെടുന്നതാണു്. അതല്ലാതെ, സാധാരണ ഒരു കുടുംബത്തിലെ കൂട്ടുകുടുംബസ്വത്തിലെ ഓഹരി ആൎക്കും പിൻതുട ൎച്ചവഴിക്കു ലഭിച്ചിരുന്നില്ല. എന്നാലിന്നു കൂട്ടുകുടുംബസ്വത്തിൻെറ ഓ ഹരിയാണോ, സ്വയാൎജ്ജിതസ്വകാൎയ്യസ്വത്താണോ എന്നൊന്നും നോ ക്കുവാനില്ല. എല്ലാം, ഒസ്യത്തൊന്നുമില്ലാതിരുന്നാൽ, ഈ പിൻതുടൎച്ചാ വകാശനിയമത്തിൽ വ്യവസ്ഥചെയ്തപ്രകാരം അനന്തരാവകാശികൾക്കു ലഭിക്കുന്നതാണു്.

ഹിന്ദുമിതാക്ഷരക്കൂട്ടുകുടുംബസ്വത്തി(Coparcenary property) ൻെറ കാൎയ്യത്തിൽ "അവശേഷിപ്പുതത്വം" (Survivorship) ഇന്നും നിലനില്ക്കുന്നുണ്ടു്. 6-ാംവകുപ്പു നോക്കുക. എന്നാൽ അവശേഷിപ്പു തത്വമനുസരിച്ചുള്ള ലയത്തിന്നു് ഒരുപാധി വെച്ചിരിക്കുന്നു. ആ ഉപാ ധി ഇതാണു്:—മരിച്ച ആൾക്കു് അനന്തരാവകാശിയായി പിൻതുട ൎച്ചാവകാശനിയമത്തിലെ പട്ടികയിലെ ഒന്നാംക്ലാസവകാശികളിൽപ്പെ ട്ട ഏതെങ്കിലും ഒരു സ്ത്രീ അവശേഷിച്ചിരിക്കുന്നുണ്ടെങ്കിലോ, അങ്ങിനെ യുള്ള ഒരു സ്ത്രീവഴി പിൻതുടൎച്ചയ്ക്കവകാശപ്പെടാവുന്ന ഒന്നാംക്ലാസ്സു് അ വകാശികളിൽപ്പെട്ട ഏതെങ്കിലുമൊരു പുരുഷൻ അവശേഷിച്ചിരിക്കു ന്നുണ്ടെങ്കിലോ, മിതാക്ഷരക്കൂട്ടുകുടുംബസ്വത്തിൽ ആ മരിച്ചാൾക്കുള്ള അവകാശം ഈ നിയമമനുസരിച്ചു ലയിക്കുന്നതാണു്; അവശേഷിപ്പു തത്വം ഇവിടെ ബാധിക്കുന്നതല്ല. മരിച്ചാൾക്കു കൂട്ടുകുടുംബസ്വത്തി ന്മേലുള്ള അവകാശം, അയാൾ മരിക്കുന്നതിന്നു തൊട്ടടുത്തുമുമ്പു കൂട്ടുകു ടുംബസ്വത്തു ഭാഗിച്ചിരുന്നാൽ എന്തോഹരിക്കു് അവകാശപ്പെടുമായി രുന്നുവോ ആ ഓഹരി ആണെന്നുള്ള വിശദീകരണവും നല്കിയിട്ടുണ്ടു്. എന്നാൽ മരിച്ചാളുടെ മരണത്തിന്നുമുമ്പു് കൂട്ടുകുടുംബത്തിൽനിന്നു് (Coparcenary) ഭാഗിച്ചു വേറിട്ടുപോയ വല്ലവരുമുണ്ടെങ്കിൽ അയാൾ ക്കു മരിച്ചാളുടെ സ്വത്തിന്നു് അനന്തരാവകാശിയായി തീരുവാനഹ്ത

യുണ്ടായിരിക്കുന്നതല്ല. അങ്ങിനെ മുമ്പെ ഭാഗിച്ചു പിരിഞ്ഞുപോയ ആളുടെ പിൻഗാമികളും പിന്നീടു മരിച്ചാളുടെ സ്വത്തിന്നു പിൻതുടച്ചവഴിയ്ക്കവകാശപ്പെടുവാൻ പാടില്ല. ഉദാഹരണം: മിതാക്ഷരക്കൂട്ടുകുടുംബത്തിൽ ഒരാൾ മരിക്കുമ്പോൾ അയാളുടെ രണ്ടാൺമക്കളും രണ്ടു പെൺമക്കളും ഭാര്യയും അവശേഷിച്ചിരിക്കുന്നുണ്ടെന്നുവരികിൽ പഴയ നിയമപ്രകാരം ആ രണ്ടാൺമക്കൾ അവശേഷിപ്പുതത്വമനുസരിച്ചു സ്വത്തിന്നവകാശികളായി പരിണമിക്കുന്നു. എന്നാൽ ഇന്നു് ഒന്നാംക്ലാസവകാശികളിൽപ്പെട്ട പെൺമക്കളും ഭാര്യയും ജീവിച്ചിരിക്കുന്നതുനിമിത്തം ആൺമക്കളിൽ അവശേഷിപ്പുതത്വമനുസരിച്ചു് ആ സ്വത്തു ലയിക്കുന്നതല്ല. രണ്ടാൺമക്കളും രണ്ടു പെൺമക്കളും ഭാര്യയും, ഈ അഞ്ചുപേർ, ഒരേസമയത്തുതന്നെ മരിച്ചാളുടെ ഓഹരിസ്വത്തിന്നനന്തരാവകാശികളായിത്തീരുന്നു. അവർ സമമായി എടുക്കുകയും ചെയ്യുന്നു. ഇതിൽ ഒരാൾ മുമ്പെ ഭാഗിച്ചുപോയിട്ടുണ്ടെങ്കിൽ മററു നാലുപേർ അനന്തരാവകാശികളായി പരിണമിക്കുകയും ചെയ്യും.

*　　　*　　　*　　　*

മരുമക്കത്തായ ആക്റ്റ്, നമ്പൂതിരിആക്റ്റ്, അളിയസന്താനആക്റ്റ് എന്നിവ ആചരിക്കുന്ന ഹിന്ദുക്കളുടെ കൂട്ടുകുടുംബസ്വത്തിനെസ്സംബന്ധിച്ച പിൻതുടച്ചയെയാണു് ഏഴാംവകുപ്പിൽ വിവരിക്കുന്നതു്. അങ്ങിനെയുള്ള ഒരു കുടുംബത്തിലെ ഒരാഗം ഒസ്യത്തെഴുതിവെയ്ക്കാതെ മരിച്ചാൽ അയാളുടെ കൂട്ടുകുടുംബസ്വത്തിലെ ഓഹരി ഈ പിൻതുടച്ചാവകാശനിയമമനുസരിച്ചു് അനന്തരാവകാശികൾക്കു ലയിക്കുന്നതാണു്. മരുമക്കത്തായനിയമമോ, നമ്പൂതിരിനിയമമോ, അളിയസന്താനംനിയമമോ പിൻതുടച്ചയെ ബാധിക്കുന്നതല്ല. മരിച്ചാളുടെ ഓഹരിയെന്നുവെച്ചാൽ മരിക്കുന്നതിന്നടുത്തുമുമ്പു കൂട്ടുകുടുംബത്തിൽനിന്നു് ആളോഹരിവീതം വെച്ചു ഭാഗിച്ചെടുത്താൽ അയാൾക്കെന്തു കിട്ടുമായിരുന്നുവോ ആ ഓഹരി എന്നർത്ഥമാകുന്നു. ഈ നിയമം സ്ത്രീക്കും പുരുഷന്നും ഒരുപോലെ ബാധകവുമാണു്.

കേരളത്തിൽ പലേ സ്ഥാനികുടുംബങ്ങളും സ്ഥാനസ്വത്തുക്കളും നിലവിലുണ്ടു്. അതിനെപ്പററിയ വ്യവസ്ഥയാണു് 7 (3)ൽ ചേർത്തിട്ടുള്ളതു്. സ്ഥാനിയെയും സ്ഥാനസ്വത്തിനെയും ഇല്ലായ്മചെയ്യുന്ന തരത്തിലുള്ള ഒരു വ്യവസ്ഥയാണു് ഇതിൽ ഉൾക്കൊള്ളിച്ചിട്ടുള്ളതു്. ഈ നിയമം നിലവിൽവന്നതിൽപ്പിന്നെ ഒരു സ്ഥാനി മരിച്ചാൽ ആ സ്ഥാന

സ്വത്തു് അടുത്ത പിൻവാഴ്ചക്കാരനു കിട്ടുന്നില്ല. സ്ഥാനസ്വത്തു മരിച്ച സ്ഥാനിയുടെ അനന്തരാവകാശികളും സ്ഥാനികുടുംബത്തിലെ അവശേഷിച്ചിരിപ്പുള്ള മററംഗങ്ങളുംകൂടി ഭാഗിച്ചെടുക്കുന്നു. ഉദാഹരണം: ഒരു സ്ഥാനികുടുംബത്തിൽ സ്ഥാനിയുൾപ്പെടെ ഒരു നൂറംഗങ്ങളുണ്ടെന്നു വെയ്ക്കുക. സ്ഥാനി നിയമം നിലവിൽ വന്നതിൽപ്പിന്നെ മരിക്കുന്നു. അയാൾക്കു ഭാര്യാമക്കളായി മൂന്നുപേർ അവശേഷിച്ചിരിപ്പും ഉണ്ടു്. സ്ഥാനസ്വത്തിനെ നൂറായി ഭാഗിച്ചു് ഒരോഹരി മരിച്ച സ്ഥാനിയുടെ അനന്തരാവകാശികളായ ഭാര്യാമക്കളും, ശേഷം 99 ഓഹരി സ്ഥാനികുടുംബത്തിലെശേഷം 99 പേർ ഒരോഹരിവീതവുമെടുക്കുന്നു. ഇങ്ങിനെ ഭാഗിച്ചെടുത്ത സ്വത്തു് ഓരോരുത്തരുടെയും സ്വകാര്യവും, സമ്പൂർണ്ണാധികാരത്തോടുകൂടിയതും, ആയ സ്വത്തായിത്തീരുകയും ചെയ്യുന്നു. ഇങ്ങിനെ സ്ഥാനസ്വത്തും സ്ഥാനികുടുംബവും നാമാവശേഷമായി പരിണമിക്കുന്നു. സ്ഥാനികുടുംബമെന്നാൽ ആ കുടുംബത്തിലെ ഓരോ ശാഖയും, ഭാഗിച്ചുപിരിഞ്ഞവയോ അല്ലാത്തവയോ ആകട്ടെ, ഉൾപ്പെടും; അങ്ങിനെയുള്ള ഓരോ ശാഖയിലെയും പുരുഷാംഗങ്ങൾക്കു സ്ഥാനിപദത്തിലേയ്ക്കു് അവരോധിക്കപ്പെടുവാനുള്ള അവകാശം ആചാരത്താലോ താവഴിയാലോ ഉണ്ടായിരിക്കുന്നതുമാണു്. [സ്ഥാനിപദത്തിലേയ്ക്കു സ്ത്രീകൾക്കവരോധിക്കപ്പെടുവാനവകാശമുള്ള സ്ഥാനികുടുംബങ്ങൾ ഇതിൽപ്പെട്ടിട്ടുള്ളതായി വാക്കുകളെക്കൊണ്ടു തോന്നുന്നില്ല.]

## 3

സ്ത്രീ മരിച്ചാലും, പുരുഷൻ മരിച്ചാലും, ഉള്ള പിൻതുടർച്ചകൾ എട്ടാംവകുപ്പിലും പതിനഞ്ചാംവകുപ്പിലുമായി പറയുന്നു. പുരുഷന്റെ അനന്തരാവകാശികളെ രണ്ടു ക്ലാസ്സായി തിരിച്ചിട്ടുണ്ടു്. ഒന്നാംക്ലാസ്സിലൊട്ടാകെ പന്ത്രണ്ടുപേരാണുള്ളതു്; അതിൽ നാലുപേർ പുരുഷന്മാർ—മകൻ, മുമ്പേ മരിച്ചുപോയ മകന്റെ മകൻ, മുമ്പേ മരിച്ചുപോയ മകളുടെ മകൻ, മുമ്പേ മരിച്ചുപോയ മകന്റെ മുമ്പേ മരിച്ചുപോയ മകന്റെ മകൻ എന്നിവരാണു്; എട്ടു പേർ സ്ത്രീകളും—മകൾ, വിധവ, അമ്മ, മുമ്പേ മരിച്ചുപോയ മകന്റെ മകൾ, മുമ്പേ മരിച്ചുപോയ മകളുടെ മകൾ, മുമ്പേ മരിച്ചുപോയ മകന്റെ വിധവ, മുമ്പേ മരിച്ചുപോയ മകന്റെ മുമ്പേ മരിച്ചുപോയ മകന്റെ മകൾ, മുമ്പേ മരിച്ചുപോയ മകന്റെ മുമ്പേ മരിച്ചുപോയ മകന്റെ വിധവ എന്നിവരാണു്. ഒന്നാം

ക്ലാസ്സിലെ അവകാശികളെല്ലാവരും ഒരേസമയം മരിച്ചാളുടെ സ്വത്തി ന്നവകാശികളായിത്തീരുന്നു. ഒന്നാംക്ലാസ്സിൽപ്പെട്ട അവകാശികളാരുമില്ലെങ്കിൽമാത്രം രണ്ടാംക്ലാസ്സവകാശികൾക്കു കിട്ടുന്നു. രണ്ടാംക്ലാസ്സിൽ ഒമ്പതു സെററായി തിരിച്ചിരിക്കുന്നു. ഒട്ടാകെ ഇരുപത്തിമൂന്നു പേർ. ഒന്നാംസെററിന്നു മററെല്ലാവരേക്കാളും മുന്നവകാശമുണ്ടു്. ഒന്നാംസെററിൽ അച്ഛൻമാത്രമാണുള്ളതു്. അദ്ദേഹമവശേഷിച്ചിരിക്കുമ്പോൾ രണ്ടാംക്ലാസ്സിൽപ്പെട്ട മററാക്കും മരിച്ചാളുടെ സ്വത്തിന്നവകാശം കിട്ടുന്നില്ല. ഒന്നാംസെററിലെ ആളില്ലെങ്കിൽ രണ്ടാംസെററിൽപ്പെട്ടവർ എല്ലാവരുംകൂടി സ്വത്തു സമമായി വീതിച്ചു് എടുക്കുന്നു. രണ്ടാംസെററിലെ ആളുകളാരുമില്ലെങ്കിൽ മൂന്നാംസെററിലെ ആളുകൾ അവകാശികളായി വരുന്നു; അവരെല്ലാവരുംകൂടി സമമായി ഭാഗിച്ചെടുക്കുകയും ചെയ്യുന്നു. ഇങ്ങിനെയാണു് ഈ അവകാശം അവസാനംവരെ പോകുന്നതു്.

ഈ രണ്ടു ക്ലാസ്സിലേയും അവകാശികളാരുമില്ലാതിരുന്നാൽമാത്രം മരിച്ചാളുടെ 'ആഗ്നേററ്'ബന്ധുക്കൾക്കു (Agnates) സിദ്ധിക്കുന്നു. അവരുമില്ലെങ്കിൽ 'കോഗ്നേററ്'ബന്ധുക്കൾക്കും (Cognates) ലഭിക്കുന്നു. ഇങ്ങിനെയാണു് എട്ടാംവകുപ്പിൽ വിവരിച്ച ക്രമം. 'ആഗ്നേററ്' (Agnates) എന്നുവെച്ചാൽ ഗോത്രജസപിണ്ഡന്മാർ എന്നും 'കോഗ്നേററ്' (Cognates) എന്നുവെച്ചാൽ ഭിന്നഗോത്രസപിണ്ഡന്മാർ എന്നും പറയാവുന്നതാണു്. Agnatesനേയും Cognatesനേയും 3-ാംവകുപ്പിൽ നിർവ്വചിച്ചിട്ടുണ്ടു്. Agnates പുരുഷൻവഴിക്കുമാത്രം ബന്ധപ്പെട്ടിട്ടുള്ള ഒരാൾ. ഇതിൽ ദത്തുവഴിക്കുള്ള ബന്ധമായാലും മതി. ഇവരെയാണു് ഗോത്രജസപിണ്ഡന്മാർ എന്നു മിതാക്ഷരനിയമത്തിൽ പറയുന്നതു്. Cognate എന്നു പറഞ്ഞാൽ പുരുഷൻവഴിക്കുമാത്രമാവണം ബന്ധമെന്നില്ല, സ്ത്രീവഴിക്കായാലും മതി. ഇവരെ ഭിന്നഗോത്രസപിണ്ഡന്മാരെന്നോ ബന്ധുക്കളെന്നോ പറയുന്നു.

ഒന്നാംക്ലാസ്സിൽപ്പെട്ട പന്ത്രണ്ടുപേരെയും മുകളിൽ വിവരിച്ചുകഴിഞ്ഞു. രണ്ടാംക്ലാസ്സിലെ അവകാശികൾ താഴെ പറയുന്നവരാണു്:—

I. അച്ഛൻ.

II. (1) മകന്റെ മകളുടെ മകൻ, (2) മകന്റെ മകളുടെ മകൾ, (3) സഹോദരൻ, (4) സഹോദരി.

III. (1) മകളുടെ മകന്റെ മകൻ, (2) മകളുടെ മകന്റെ മകൾ, (3) മകളുടെ മകളുടെ മകൻ, (4) മകളുടെ മകളുടെ മകൾ.

**IV.** (1) സഹോദരൻെറ മകൻ, (2) സഹോദരിയുടെ മകൻ, (3) സഹോദരൻെറ മകൾ, (4) സഹോദരിയുടെ മകൾ.

**V.** അച്ഛൻെറ അച്ഛൻ, അച്ഛൻെറ അമ്മ.

**VI.** അച്ഛൻെറ വിധവ, സഹോദരൻെറ വിധവ.

**VII.** അച്ഛൻെറ സഹോദരൻ, അച്ഛൻെറ സഹോദരി.

**VIII.** അമ്മയുടെ അച്ഛൻ, അമ്മയുടെ അമ്മ.

**IX.** അമ്മയുടെ സഹോദരൻ, അമ്മയുടെ സഹോദരി.

'സഹോദര'നെന്നും 'സഹോദരി'യെന്നും പറയുന്നതിൽ അച്ഛൻ മാറി അതേ അമ്മയിലുണ്ടായ സഹോദരനും സഹോദരിയും ഉൾപ്പെടുന്നതല്ല.

[ഒന്നും രണ്ടും ക്ലാസ്സിലുള്ള അവകാശികളെ നിയമത്തിൻെറ അവസാനത്തിൽ പട്ടികയായി ചേർത്തിരിക്കുകയാണ്.]

* * * *

രക്തബന്ധം മൂന്നുതരത്തിൽ ആണ് മൂന്നാംവകുപ്പിൽ നിർവ്വചിക്കപ്പെട്ടിട്ടുള്ളതു്. [3 (1) (e) നോക്കുക.] ഇതിൽ ഒന്നും രണ്ടും തരത്തിൽ— Full blood and half blood (പൂർണ്ണരക്തബന്ധം, അർദ്ധരക്തബന്ധം)—പ്പെട്ട സഹോദരീസഹോദരന്മാർക്കുമാത്രമേ രണ്ടാംക്ലാസ്സവകാശികളുടെ കൂട്ടത്തിൽ സ്ഥാനമുള്ളൂ. ഈ മൂന്നു ബന്ധങ്ങളിങ്ങിനെയാണ്: (1) അതേ അച്ഛനും് അതേ അമ്മയിലുണ്ടായ സഹോദരീസഹോദരന്മാർ—Full (blood) sisters and brothers. (2) അതേ അച്ഛനു മറെറാരമ്മയിലുണ്ടായ സഹോദരീസഹോദരന്മാർ—Half (blood) sisters and brothers. (3) അതേ അമ്മയിൽ മറെറാരച്ഛനുണ്ടായ സഹോദരീസഹോദരന്മാർ—Utrinal (blood) sisters and brothers.

* * * *

ഈ നിയമം ആരെയെല്ലാം ബാധിക്കുമെന്നു വിവരിക്കുന്ന രണ്ടാം വകുപ്പിൽ legitimate, illegitimate (നിയമാനുസൃതവിവാഹത്തിൽ നിന്നുണ്ടായതും, അങ്ങിനെയല്ലാത്തതും ആയ) സന്താനങ്ങൾതമ്മിലുള്ള വ്യത്യാസം വകവെച്ചുകൊടുത്തിട്ടില്ല. ഒരു ഹിന്ദുവിൻെറ നിയമാനുസൃതവിവാഹത്തിൽനിന്നല്ലാതെയുണ്ടായ സന്താനത്തെയും ഹിന്ദുവായിട്ടുതന്നെ പരിഗണിക്കുന്നുണ്ടു്. എന്നാൽ നിർവ്വചനങ്ങളുടെയും വ്യാഖ്യാനങ്ങളുടെയും വകുപ്പായ മൂന്നാംവകുപ്പിൽ 'ബന്ധപ്പെട്ട' (related)

എന്ന പദത്തെക്കൊണ്ടു നിയമാനുസൃതവിവാഹത്തിൽനിന്നുണ്ടായ ചാ ച്ച്യയെ(ബന്ധുതപത്തെ)മാത്രമേ സൂചിപ്പിച്ചുകാണുന്നുള്ളൂ; അങ്ങിനെ യുള്ളവൎക്കുമാത്രമേ ഒരുവൻെറ അനന്തരാവകാശികളാകുവാൻ പാടുള്ളൂ. Agnate (ഗോത്രജസപിണ്ഡൻ), Cognate (ഭിന്നഗോത്രസപി ണ്ഡൻ) എന്നീ പദങ്ങളും; Full blood (പൂൎണ്ണരക്തബന്ധം), half blood (അൎദ്ധരക്തബന്ധം) എന്നീ പദങ്ങളും നിൎവ്വചിച്ചിരിക്കുന്ന 3 (1) (a), 3 (1) (c), 3 (1) (e) വകുപ്പുകളിൽ 'ബന്ധപ്പെട്ട' (related) എന്ന പദമാണു് പ്രയോഗിച്ചിട്ടുള്ളതു്. 'Relative' (ബന്ധു, ചാൎച്ച ക്കാരൻ) എന്ന പദത്തിന്നു വ്യാഖ്യാനമോ നിൎവ്വചനമോ കൊടുത്തിട്ടി ല്ലെങ്കിലും, 'ബന്ധപ്പെട്ട' (Related) എന്നതു് ഇന്നതരത്തിലേ പാടു ള്ളുവെന്നു നിൎദ്ദേശിച്ചിട്ടുള്ള സ്ഥിതിക്കു് അങ്ങിനെ ബന്ധപ്പെട്ടവരെമാ ത്രമേ ബന്ധുവായും കണക്കാക്കുവാൻ പാടുള്ളൂ. അങ്ങിനെയുള്ള ബന്ധു ക്കളോ ചാൎച്ചക്കാരോ മാത്രമേ അവകാശികളായിത്തീരുന്നുള്ളൂ.

*　　*　　*　　*

അവകാശികളുടെ ഇടയിലെ വിഭജനരീതി പത്തും പതിനൊന്നും പന്ത്രണ്ടും വകുപ്പുകളിലായി വിവരിച്ചിരിക്കുന്നു.

ഒന്നാംക്ലാസ്സിൽപ്പെട്ട അവകാശികളുടെ ഇടയിലെ വിഭജനരീതി പത്താംവകുപ്പിൽ പ്രതിപാദിച്ചിട്ടുണ്ടു്. അതിങ്ങിനെയാണു്:—

1. ഒസ്യത്തെഴുതിവെയ്ക്കാതെ മരിച്ച ആളുടെ വിധവയ്ക്കു് ഒരോ ഹരി കിട്ടുന്നതാണു്. ഒന്നിലധികം വിധവമാരുണ്ടെങ്കിൽ ആ ഓഹരി അവരെല്ലാവരുംകൂടി സമമായെടുക്കുന്നു.


2. മരിച്ചാളുടെ ആൺമക്കളും, പെൺമക്കളും, അമ്മയും എല്ലാ വരും ഓരോ ഓഹരിവീതമെടുക്കുന്നു. വിവാഹിതയാണോ അവിവാഹി തയാണോ മകളെന്ന ചോദ്യമില്ല.

3. മുമ്പെ മരിച്ചുപോയ മകൻെറയോ മകളുടെയോ ശാഖ ആ മ കന്നോ മകൾക്കോ മരിച്ചിരുന്നില്ലെങ്കിൽ എന്തു കിട്ടുമായിരുന്നുവോ ആ ഓഹരി വീതിച്ചെടുക്കുന്നതാണു്.

4. (i) മേൽ 3-ൽ പറഞ്ഞ ഓഹരി ഭാഗിച്ചെടുക്കുന്നതു മുമ്പെ മരിച്ചുപോയ മകൻെറ വിധവയ്ക്കും (ഒന്നിലധികം വിധവകളുണ്ടെങ്കി ലവൎക്കെല്ലാവൎക്കുംകൂടി), ആൺമക്കൾക്കും, പെൺമക്കൾക്കും തുല്യമായ ഓഹരി കിട്ടത്തക്കവണ്ണമായിരിക്കും. അയാളുടെ മുമ്പെ മരിച്ചുപോയ ആൺമക്കളുടെ ശാഖയുണ്ടെങ്കിലാശാഖയ്ക്കും തുല്യമായ ഓഹരി കിട്ടത്ത ക്കവണ്ണമാവണം.

(ii) മുമ്പെ മരിച്ചുപോയ മകളുടെ ശാഖയിലെ അവകാശികൾ തമ്മിൽ സ്വത്തു ഭാഗിക്കുന്നതു് ആൺമക്കൾക്കും പെൺമക്കൾക്കും തുല്യമായ ഓഹരി കിട്ടത്തക്കവണ്ണമായിരിക്കുന്നതാണു്.

ഒന്നാംക്ലാസിൽപ്പെട്ട അവകാശികളെയും അവരുടെയിടയിലെ സ്വത്തുവിഭജനരീതിയെയും വ്യക്തമാക്കുന്നതിന്നു താഴെ എഴുതുന്ന തരത്തിലുള്ള ഒരു ചിത്രവും വിവരണങ്ങളും സഹായിക്കുമെന്നു കരുതുന്നു.




ചിത്രത്തിൽ A എന്നു കാണിച്ചിട്ടുള്ളതു് മരിച്ചാൽ. M അദ്ദേഹത്തിന്റെ അമ്മ; W അദ്ദേഹത്തിന്റെ വിധവ; $S_1$ അദ്ദേഹത്തിന്റെ മകൻ; $S_2$ മുമ്പേ മരിച്ചുപോയ മകൻ; $D_1$ മകൾ; D മുമ്പേ മരിച്ചുപോയ മകൾ; $gs_1$ മുമ്പേ മരിച്ചുപോയ മകന്റെ മകൻ; $gs_2$ മുമ്പേ മരിച്ചുപോയ മകന്റെ മുമ്പേ മരിച്ചുപോയ മകൻ; $w_1$ മുമ്പേ മരിച്ചുപോയ മകന്റെ വിധവ; gd മുമ്പേ മരിച്ചുപോയ മകന്റെ മകൾ; $s_1$ മുമ്പേ മരിച്ചുപോയ മകളുടെ മകൻ, $d_1$ മുമ്പേ മരിച്ചുപോയ മകളുടെ മകൾ; ggs മുമ്പേ മരിച്ചുപോയ മകന്റെ മുമ്പേ മരിച്ചുപോയ മകന്റെ മകൾ; ggD മുമ്പേ മരിച്ചുപോയ മകന്റെ മുമ്പേ മരിച്ചുപോയ മകന്റെ മകൻ; $w_2$ മുമ്പേ മരിച്ചുപോയ മകന്റെ മുമ്പേ മരിച്ചുപോയ മകന്റെ വിധവ. ഇവരിൽ ഒന്നാംക്ലാസിൽപ്പെട്ട 12 അവകാശികൾ: $S_1$, $D_1$, W, M, $gs_1$, gd, $s_1$, $d_1$, $w_1$, ggs, ggD, $w_2$ എന്നിവരാണു്. ഇവരിൽ $S_1$, $D_1$, W, M, $S_2$ വിന്റെ ശാഖ, $D_2$വിന്റെ ശാഖ എന്നിവർ ആറിലൊന്നുവീതം എടുക്കുന്നതാണു്. $S_2$ന്റെ ശാഖയിൽ $gs_1$, gd, $gs_2$ന്റെ ശാഖ, $w_1$ എന്നിവർ ഉൾപ്പെടുന്നു. ഇവരെല്ലാംകൂടി ആ ആറിലൊന്നു വീതിച്ചെടുക്കും. $D_2$ന്റെ ശാഖയിൽ $s_1$-ഉം $d_1$-ഉം ഉൾപ്പെടുന്നു. അവർ ആറിലൊന്നു വീതിച്ചെടുക്കുന്നു. $gs_2$ന്റെ ശാഖയിൽ ggs, ggD, $w_2$ എന്നിവർ ഉൾപ്പെടുന്നു.

KOTTAYAM PUBLIC LIB
KOTTAYAM

അവർ ആറിലൊന്നിൻെറ നാലിലൊന്നിനെ ഭാഗിച്ചെടുക്കും. S, D, W, M എന്നിവർ $\frac{1}{6}$ വീതവും; s, d, എന്നിവർ $_{6}$ൻെറ $\frac{1}{2}$ വീതവും; gs, g d, w, എന്നിവർ $\frac{1}{6}$ൻെറ $\frac{1}{4}$ വീതവും; ggs, ggd, $w_2$ എന്നിവർ $\frac{1}{4}$ of $\frac{1}{6}$ൻെറ $\frac{1}{3}$ വീതവും എടുക്കുന്നു.

Aക്കു് ഒന്നിലധികം ഭാര്യമാരുണ്ടെങ്കിലവരെല്ലാംകൂടി Wനുള്ള $\frac{1}{6}$നെ വീതം വെച്ചു് എടുക്കുന്നതാണു്.

രണ്ടാംക്ലാസ്സിൽപ്പെട്ട അവകാശികളുടെ വിഭജനരീതി 11-ാംവകുപ്പിൽ പറയുന്നു. ഈ ക്ലാസ്സിൽ ഒമ്പതു സെററവകാശികളാണുള്ളതെന്നു മുകളിൽ പറഞ്ഞുവല്ലോ. ഓരോ സെററിലേയും ആളുകൾ തുല്യമായി വീതിച്ചെടുക്കുന്നു.

മററവകാശികളുടെ—ഗോത്രജഡപിണ്ഡന്മാർ, ഭിന്നഗോത്രസപിണ്ഡന്മാർ എന്നിവർ—ഇടയിലെ വിഭജനരീതി പന്ത്രണ്ടാംവകുപ്പിലാണു് പറഞ്ഞിരിക്കുന്നതു്. അവ: (1) രണ്ടവകാശികളുള്ളപ്പോൾ അതിലാക്കാണോ മരിച്ച ആളായി (degree of ascent) കുറഞ്ഞിരിക്കുകയോ, ഇല്ലാതിരിക്കുകയോ ചെയ്യുന്നതു് അയാളെ മുന്നവകാശിയായി ഗണിക്കുന്നു.

(2) മേല്പോട്ടുള്ള ഡിഗ്രി (degree of ascent) ഒന്നുതന്നെയാവുകയോ, ഇല്ലാതിരിക്കുകയോ ചെയ്യുന്ന സന്ദർഭങ്ങളിൽ ഏതൊരവകാശിക്കാണോ കീഴ്പ്പോട്ടു യാതൊരു ഡിഗ്രിയുമില്ലാതിരിക്കുന്നതു്, അഥവാ ഡിഗ്രി കുറവായിരിക്കുന്നതു് ആ അവകാശിക്കാണു് മുൻഗണന നല്കുന്നതു്.

(3) അവകാശികൾ തമ്മിൽ മുൻഗണനക്കർഹരാകത്തക്കവണ്ണം യാതൊരടുപ്പവും, മേൽ 1-ലും 2-ലും പറഞ്ഞപോലുള്ളതു്, അവകാശികളിലാർക്കുംതന്നെയില്ലാത്തപക്ഷം അവർ ഒരേസമയം സമവീതമായി അവകാശപ്പെടുന്നു.

മേല്പോട്ടും കീഴ്പ്പോട്ടുമുള്ള ഡിഗ്രികൾ എങ്ങിനെ കണക്കാക്കുമെന്നു 13-ാംവകുപ്പു വിവരിക്കുന്നു.

(1) മേല്പോട്ടുള്ളതോ കീഴ്പ്പോട്ടുള്ളതോ ആയ ഡിഗ്രി കണക്കാക്കുന്നതു് ഒസ്യത്തെഴുതിവെക്കാതെ മരിച്ചുപോയ ആളെക്കൂടി ഉൾപ്പെടുത്തിയിട്ടാണു്.

(2) ഓരോ തലമുറയും ഓരോ ഡിഗ്രിയായി കണക്കാക്കും. മേല്പോട്ടോ കീഴ്പോട്ടോ എന്നു മാത്രമേ വ്യത്യാസമുള്ളു.

ഉദാഹരണം: അച്ഛൻ രണ്ടാമത്തെ ഡിഗ്രി മേല്പോട്ട്, മകൻ രണ്ടാമത്തെ ഡിഗ്രി കീഴ്പ്പോട്ട്. മരിച്ചാൽ എപ്പോഴും മേല്പോട്ടായാലും കീഴ്പ്പോട്ടായാലും ഒന്നാമത്തെ ഡിഗ്രിയാണ്.

14-ാംവകുപ്പ് ഹിന്ദുമിതാക്ഷരനിയമത്തെസ്സംബന്ധിച്ചേടത്തോളം വളരെ പ്രാധാന്യമുള്ള ഒരു വകുപ്പാണ്. ഏതു തരത്തിലുള്ള സ്വത്തായാലും, ഈ പിൻതുടച്ചാവകാശനിയമം ബലത്തിൽ വരുന്നതിന്നു മുമ്പോ പിമ്പോ എന്നു സമ്പാദിച്ചതായാലും വേണ്ടതില്ല, ഒരു ഹിന്ദുസ്ത്രീ പരിപൂർണ്ണഉടമസ്ഥാവകാശമുള്ള സ്വത്തായിട്ടുതന്നെ അതിനെ കൈവശം വെയ്ക്കുന്നതാണ്. [മിതാക്ഷരനിയമത്തിലെ "സ്ത്രീകളുടെ സ്വത്ത്", "പരിമിതഉടമകൾ", "റിവേഴ്ഷണർമാർ" എന്നീ സങ്കേതങ്ങളെല്ലാം അവസാനിച്ചുകഴിഞ്ഞു.]

"സ്വത്ത്" ഏതു തരത്തിലുള്ളതെല്ലാമാവാമെന്ന് ഒരു വിശദീകരണം കൊടുത്തുകാണുന്നുണ്ട്. ജംഗമമാവാം, സ്ഥാവരവുമാവാം; പിൻതുടച്ചവഴിയ്ക്കോ, ഒസ്യത്തുവഴിയ്ക്കോ, ഭാഗവഴിയ്ക്കോ, ചിലവിന്നു തിരിച്ചോ, ചിലവിന്റെ കുടിശികയ്ക്കു പകരമായിട്ടോ, ബന്ധുക്കളിൽനിന്നോ മററുള്ളവരിൽനിന്നോ വിവാഹത്തിന്നു പിമ്പോ മുമ്പോ ഭാഗമായിട്ടോ, സ്വന്തം സാമർത്ഥ്യത്താലോ പ്രയത്നത്താലോ, വിലയ്ക്കു വാങ്ങിയ വഴിയ്ക്കോ, മറെറന്തുപ്രകാരത്തിലോ കിട്ടിയതാവാം; ഈ നിയമം ബലത്തിൽ വരുന്നതിന്നുതൊട്ടടുത്തു മുമ്പു സ്ത്രീധനമെന്ന നിലയ്ക്കു കൈവശം വെച്ചുവന്നതോ ആവാം.

എന്നാൽ സ്വത്തു കിട്ടിയിട്ടുള്ളതു് ദാനവഴിയ്ക്കോ, ഒസ്യത്തുപ്രകാരമോ, മറെറന്തെങ്കിലും കാരണത്താലോ, കോർട്ടുവിധിയാലോ, ഓർഡർപ്രകാരമോ, അവാർഡ്പ്രകാരമോ ആണെന്നിരിയ്ക്കെ, ആ ദാനത്തിലോ, ഒസ്യത്തിലോ, കരണത്തിലോ, വിധിയിലോ, ഓർഡറിലോ, അവാർഡിലോ വ്യവസ്ഥ ചെയ്തിട്ടുള്ളതു് ആ സ്വത്തിന്മേൽ പരിമിതാവകാശം (restricted estate) മാത്രമേ സിദ്ധിക്കുകയുള്ളുവെന്നാണെങ്കിൽ അത്ര മാത്രമേ ആ സ്ത്രീയ്ക്കു കിട്ടുകയുള്ളൂ എന്നും ഈ വകുപ്പിൽത്തന്നെ വ്യവസ്ഥചെയ്തിട്ടുണ്ട്.

15-ം 16-ം വകുപ്പുകൾ ഒരു ഹിന്ദുസ്ത്രീയുടെ അവകാശികളേയും, അവകാശക്രമവും വിഭജനരീതിയും പ്രതിപാദിച്ചിരിക്കുന്നു. 17-ാംവകുപ്പ് മരുമക്കത്തായ-എളിയസന്താനനിയമങ്ങളനുഷ്ഠിക്കുന്നവർക്കുള്ള പ്രത്യേകവ്യവസ്ഥകളും വിവരിച്ചിട്ടുണ്ട്.

15-ാംവകുപ്പ്.

(1) ഒരു ഹിന്ദുസ്ത്രീ ഒസ്യത്തില്ലാതെ മരിച്ചാൽ

(a) ഒന്നാമതായി, ആൺമക്കളും പെൺമക്കളും, ഭർത്താവും അവകാശികായി വരുന്നു. (മക്കളിൽ മുമ്പേ മരിച്ചുപോയ മക്കളുടെ സന്താനങ്ങളും പെടുന്നതാണ്.)

(b) രണ്ടാമതായി, ഭർത്താവിൻെറ അവകാശികൾ;

(c) മൂന്നാമതായി, അമ്മയും അച്ഛനും;

(d) നാലാമതായി, അച്ഛൻെറ അവകാശികൾ;

(e) ഒടുവിലായി, അമ്മയുടെ അവകാശികൾ.

എന്നാൽ രണ്ടാം ഉപവകുപ്പിൽ

(a) സ്ത്രീ അവളുടെ അച്ഛനിൽനിന്നോ അമ്മയിൽനിന്നോ പിൻതുടച്ച്വഴിക്കു സമ്പാദിച്ചതാണ് അവളുടെ സ്വത്ത് എങ്കിൽ, മകനോ മകളോ (മുമ്പേ മരിച്ച മക്കളുടെ സന്താനങ്ങളും ഉൾപ്പെടും) അവശേഷിച്ചിട്ടില്ലാത്തപക്ഷം മേൽ ഒന്നാം ഉപവകുപ്പിൽ വിവരിച്ചിട്ടുള്ള ക്രമത്തിൽ മററവകാശികൾക്ക് ആ സ്വത്തു ലയിക്കുന്നതല്ല; അതു് അച്ഛൻെറ അവകാശികൾക്കു ലഭിക്കുന്നതാണ്.

(b) അതുപോലെ, സ്ത്രീ അവളുടെ ഭർത്താവിൽനിന്നോ ഭർത്താവിൻെറ അച്ഛനിൽനിന്നോ പിൻതുടച്ച്വഴിക്കു കിട്ടിയതാണ് ആ സ്വത്ത് എങ്കിൽ, മകനോ മകളോ (മുമ്പേ മരിച്ചുപോയ മക്കളുടെ സന്താനങ്ങളും ഉൾപ്പെടും.) അവശേഷിച്ചിട്ടില്ലാത്തപക്ഷം മേൽ ഒന്നാംഉപവകുപ്പിൽ വിവരിച്ചിട്ടുള്ള ക്രമത്തിൽ മററവകാശികൾക്ക് ആ സ്വത്തു ലയിക്കുന്നതല്ല; അതു ഭർത്താവിൻെറ അവകാശികൾക്കു ലഭിക്കുന്നതാണ്.

16-ാംവകുപ്പ്

(1) 15 (1)ൽ വിവരിച്ചിട്ടുള്ള അഞ്ചു സെററവകാശികളിൽ ഒന്നാംസെററിൽപ്പെട്ടവക്ക് ആദ്യവും, അവരുടെ അഭാവത്തിൽമാത്രം രണ്ടാംസെററിൽപ്പെട്ടവക്കും, രണ്ടാംസെററിൽപ്പെട്ടവരുടേയും അഭാവത്തിൽമാത്രം മൂന്നാംസെററിൽപ്പെട്ടവക്കും, എന്നിങ്ങിനെ പിൻതുടച്ച് അവസാനംവരെ പോകുന്നു. ഒരേ സെററിൽപ്പെട്ടവരെല്ലാം ഒരേസമയത്തുതന്നെ തുല്യമായി എടുക്കുന്നതുമാണ്.

(2) മരിച്ച സ്ത്രീയ്ക്കുമുമ്പു വല്ല മകനോ മകളോ മരിച്ചിട്ടുണ്ടെങ്കിൽ ആ മകളുടെയോ മകൻെറയോ സന്താനങ്ങൾ അവശേഷിച്ചിരിപ്പുണ്ടെന്നാൽ, അങ്ങിനെയുള്ള സന്താനങ്ങൾ അവരുടെ അമ്മയ്ക്കോ അച്ഛനോ സ്ത്രീ മരിക്കുന്ന സമയം ജീവിച്ചിരുന്നാലെന്തു കിട്ടുമായിരുന്നുവോ ആ ഓഹരി എടുക്കുന്നതാണു്.

(3) മേൽ 15 (1) (c) (d) (e) എന്നീ ഖണ്ഡികകളിലും 15(2) ഉപവകുപ്പിലും വിവരിച്ചിട്ടുള്ള അവകാശികൾ, അവക്കു പിൻതുടച്ചവഴിക്കു കിട്ടുന്ന സ്വത്തു് അച്ഛൻെറയോ, അമ്മയുടെയോ, ഭത്താവിൻെറയോ ആയിരിക്കുകയും, ആ ആൾ സ്ത്രീമരിച്ച ഉടനെ ഒസ്യത്തെഴുതാതെ മരിച്ചുപോകയും ചെയ്തിരുന്നാലത്തെപ്പോലെ, ആ ക്രമത്തിലും ആ രീതിയിലും വിഭജിച്ചെടുക്കുന്നതാണു്.

# 4

മരുമക്കത്തായ-അളിയസന്താനനിയമങ്ങളനുഷ്ഠിക്കുന്നവരെസ്സംബന്ധിച്ചുള്ള പ്രത്യേകവ്യവസ്ഥയിലേയ്ക്കു കടക്കുന്നതിനുമുമ്പു കുടിയിരിക്കുന്ന വീടുകളെസ്സംബന്ധിച്ചുള്ള പ്രത്യേകവ്യവസ്ഥയെ വിവരിച്ചുകൊണ്ടുള്ള ഇരുപത്തിമൂന്നാംവകുപ്പു് ഇവിടെ പകത്തുന്നതു നന്നായിരിക്കുമെന്നു തോന്നുന്നു. മരുമക്കത്തായികളെപ്പററിയും മററുമുള്ള പതിനേഴാംവകുപ്പിൽ ഈ 23-ാംവകുപ്പിനെയും എടുത്തുപറയുന്നുണ്ടു്.

മരിച്ചവൻെറയോ മരിച്ചവളുടെയോ കുടുംബാംഗങ്ങൾ താമസിച്ചു (കുടിയിരുന്നു)വരുന്ന വീടുകളെസ്സംബന്ധിച്ച 23-ാംവകുപ്പു് ഇങ്ങിനെയാണു്:—ഒരു ഹിന്ദു ഒസ്യത്തില്ലാതെ മരിക്കുന്ന സമയത്തു് അവൻെറയോ അവളുടെയോ അവകാശികളായി ഒന്നാംക്ലാസ്സിൽപ്പെട്ട ആണുങ്ങളും പെണ്ണുങ്ങളുമായ അവകാശികൾ അവശേഷിച്ചിരിക്കുകയും, മരിച്ചാളുടെ സ്വത്തിൻെറ കൂട്ടത്തിൽ മരിച്ചാളുടെ കുടുംബാംഗങ്ങൾമാത്രം താമസിച്ചുവരുന്ന വീടുംകൂടി ഉൾപ്പെടുകയും ചെയ്തിരുന്നാൽ, മരിച്ചാളുടെ പിൻതുടച്ചാവകാശികളിൽപ്പെട്ട ഒരു സ്ത്രീയ്ക്കു് ആ വീടു ഭാഗിച്ചെടുക്കുവാൻ, പിൻതുടച്ചാവകാശികളിൽപ്പെട്ട പുരുഷന്മാർ വീടിന്മേലുള്ള തങ്ങളുടെ ഓഹരികൾ ഭാഗിച്ചെടുക്കുവാൻ തീച്ചപ്പെടുത്താത്തേടത്തോളം കാലം അവകാശമുണ്ടായിരിക്കുന്നതല്ല; എന്നാൽ ആ സ്ത്രീയ്ക്കു് ആ വീട്ടിൽ താമസിക്കുവാൻ അവകാശമുണ്ടായിരിക്കുന്നതാണു്.

പക്ഷേ ഈ അവകാശം നിരുപാധികമല്ല. ആ സ്ത്രീ മകളാണെങ്കിൽ അവൾ ഒരവിവാഹിതയോ, ഭർതൃപരിത്യക്തയോ, ഭത്താവിൽനി

ന്നു മാറി വേറിട്ടു താമസിക്കുന്നവളോ ഒരു വിധവയോ ആയിരുന്നാൽ മാത്രമേ ആ വീട്ടിൽ താമസിക്കുവാനുള്ള അവകാശം അവൾക്കു് ഉണ്ടായിരിക്കുകയുള്ളു.

മരുമക്കത്തായ-അളിയസന്താനനിയമങ്ങളുടെ സ്വഭാവമനുസരിച്ചുള്ള ചില്ലറവ്യത്യസ്തതകളാണു് 17-ാംവകുപ്പിൽ ഉൾക്കൊള്ളിച്ചിട്ടുള്ളതു്. ആദ്യമായി, എട്ടാംവകുപ്പിൽ (c) (d) എന്ന ഖണ്ഡികകളിലാണു് മാററം വരുത്തിയതു്. ഒന്നും രണ്ടും ക്ലാസുകളിലെ അവകാശികളാരുമില്ലാതിരുന്നാൽ 8 (c)യിൽ പറയുന്നതു് ഗോത്രജസപിണ്ഡന്മാർ അവകാശികളായിത്തീരുന്നുവെന്നും, 8 (d)യിൽ പറയുന്നതു ഭിന്നഗോത്രസപിണ്ഡന്മാർ ഗോത്രജസപിണ്ഡന്മാർ ഇല്ലെങ്കിൽമാത്രം അവകാശികളായി തീരുന്നുവെന്നുമാണു്. 17-ാംവകുപ്പുകൊണ്ടു് ഈ വ്യത്യാസത്തെ എടുത്തുകളഞ്ഞു.

I. 8-ലെ (c) (d) എന്നതിന്നു പകരം മൂന്നാമതായി, രണ്ടു ക്ലാസ്സുകളിലും പെട്ട ഏതൊരവകാശിയുമില്ലാതിരുന്നാൽ മരിച്ചാളുടെ മററു ബന്ധുക്കൾക്കു (ഗോത്രജസപിണ്ഡന്മാരോ ഭിന്നഗോത്രസപിണ്ഡന്മാരോ ആയിരുന്നുകൊള്ളട്ടെ) ലയിക്കുന്നു! എന്നൊരു ഖണ്ഡികമാത്രം ചേർത്തു.

II. 15-ാംവകുപ്പിൽ (1) (a) മുതൽ (e) വരെയുള്ള ഖണ്ഡികകളെ താഴെ എഴുതുംപ്രകാരം മാററിയിരിക്കുന്നു.

(a) ഒന്നാമതായി, ആൺമക്കളും പെൺമക്കളും, അമ്മയും. (ഇവിടെ മക്കളിൽ മുമ്പെ മരിച്ചുപോയ മക്കളുടെ സന്താനങ്ങളും പെടുന്നതാണു്)—15 (1) (a) യിലെ ഭർത്താവിന്റെ സ്ഥാനത്തു് അമ്മയായി.

(b) രണ്ടാമതായി, അച്ഛനും ഭർത്താവും—15 (1) (b) യിൽ ഭർത്താവിന്റെ അവകാശികൾ എന്നുള്ളതു് ഇവിടെ അച്ഛനും ഭർത്താവുമെന്നായി.

(c) മൂന്നാമതായി, അമ്മയുടെ അവകാശികൾ—15 (1) (c)യിൽ അമ്മയും അച്ഛനുമെന്നാണു്. അതിന്നുപകരം ഇവിടെ അമ്മയുടെ അവകാശികളായി.

(d) നാലാമതായി, അച്ഛന്റെ അവകാശികൾ—15 (1) (d)യിലും ഇതുതന്നെ.

(e) അവസാനമായി, ഭർത്താവിൻെറ അവകാശികൾ—15 (1) (e) യിൽ അമ്മയുടെ അവകാശികളെന്നാണു്. അതിന്നു പകരം ഇവിടെ ഭർത്താവിൻെറ അവകാശികളെന്നായി.

III. 15 (2) (a) എന്ന ഖണ്ഡിക എടുത്തുകളഞ്ഞു.

IV. കുടിയിരിക്കുന്ന വീടുകളെസ്സംബന്ധിച്ച പ്രത്യേകവ്യവസ്ഥ 23-ാംവകുപ്പു് എടുത്തുകളഞ്ഞു.

* * * *

മരുമക്കത്തായനിയമമനുസരിക്കുന്നവൎക്കു കുടിയിരിക്കുന്ന വീടുകളെസ്സംബന്ധിച്ചുള്ള പ്രത്യേകവ്യവസ്ഥകൾ (23-ാംവകുപ്പു്) ബാധകമല്ലാതായപ്പോൾ മററു സ്വത്തുക്കളെപ്പോലെ വീട്ടിൻെറയും ഭാഗഹരിക്കവകാശപ്പെടാറായി. "മരുമക്കത്തായനിയമ"മെന്നാലെന്തെന്നു 3 (1) (h)ൽ നിൎവ്വചിച്ചിട്ടുണ്ടു്. അതിപ്രകാരമാണു്:—(a) ഈ പിൻതുടൎച്ചാവകാശനിയമം നിലവിൽ വന്നിരുന്നില്ലെങ്കിൽ അതിൽ പറഞ്ഞ സംഗതികൾക്കു മദിരാശിമരുമക്കത്തായം ആക്റ്റു് (1933-ലെ മദിരാശി ആക്റ്റു് 22), തിരുവിതാംകൂർനായർആക്റ്റു് (1100-ലെ രണ്ടാംനമ്പ്ര് ആക്റ്റു്), തിരുവിതാംകൂർഈഴവആക്റ്റു് (1100-ലെ 3-ാംനമ്പ്ര് ആക്റ്റു്), തിരുവിതാംകൂർനാഞ്ചിനാട്വെള്ളാളആക്റ്റു് (1101-ലെ 6-ാംനമ്പ്ര് ആക്റ്റു്), തിരുവിതാംകൂർക്ഷത്രിയആക്റ്റു് (1108-ലെ ഏഴാംനമ്പ്ര് ആക്റ്റു്), തിരുവിതാംകൂർകൃഷ്ണൻവകമരുമക്കത്തായി ആക്റ്റു് (1115-ലെ 7-ാംനമ്പ്ര് ആക്റ്റു്), കൊച്ചിമരുമക്കത്തായം ആക്റ്റു് (1113-ലെ 33-ാംനമ്പ്ര് ആക്റ്റു്), കൊച്ചിനായർആക്റ്റു് (1113-ലെ 29-ാംനമ്പ്ര് ആക്റ്റു്) എന്നിവ ആരെയെല്ലാം ബാധിച്ചിരുന്നുവോ അവരെ ബാധിച്ചിരുന്ന ആ നിയമസംഹിത, അല്ലെങ്കിൽ (c) തിരുവിതാംകൂർകൊച്ചിയിലോ മദിരാശിയിലോ അധികമായി അധിവസിക്കുന്നവരും, അവരുടെ ഇടയിലെ പിൻതുടൎച്ചാവകാശകാൎയ്യങ്ങളിൽ ഈ ഹിന്ദുപിൻതുടൎച്ചാവകാശനിയമം നിലവിൽ വന്നിരുന്നില്ലെങ്കിൽ മരുമക്കത്തായദായക്രമം അനുഷ്ഠിച്ചുവന്നിരുന്നവരുമായ സമുദായാംഗങ്ങൾക്കു ബാധകമായ ആ നിയസംഹിത.

ഈ നിൎവ്വചനത്തിൽ കൊച്ചിതീയ്യആക്റ്റു് (1107-ൽ 8-ാംനമ്പ്ര് ആക്റ്റു്) എടുത്തുപറഞ്ഞു കാണുന്നില്ല. കൊച്ചിതീയ്യആക്റ്റു് ബാധിക്കുന്നതു് മരുമക്കത്തായദായക്രമം അനുഷ്ഠിക്കുന്ന തീയ്യരെയാണു്. (മക്കത്തായക്കാരല്ലാത്ത തീയ്യരെയെല്ലാം ഇതു ബാധിക്കുന്നതായി ആ ആ

KOTTAYAM PUBLIC LIBRARY

ക്ടിൽ പറഞ്ഞിട്ടുണ്ടു്) കൊച്ചിതീയ്യാആക്ടു് പ്രത്യേകം എടുത്തുപറഞ്ഞിട്ടില്ലെങ്കിലും 3 (1) (b) (c) പ്രകാരവും മററും നോക്കുമ്പോൾ പിൻതുടച്ച്യെസ്സംബന്ധിച്ചേടത്തോളം ഈ പിൻതുടച്ച്യാവകാശനിയമംതന്നെയാണു് അവക്കും ബാധകമായിട്ടുള്ളതു്. അതനുസരിച്ചു് 17-ാംവകുപ്പുതന്നെയാവണം മരുമക്കത്തായതീയ്യക്കും ബാധകമാവുന്ന വ്യവസ്ഥ എന്നു വിചാരിക്കേണ്ടതാണു്.

* * * *

7-ാംവകുപ്പിൽ ഒന്നാംഉപവകുപ്പു് മരുമക്കത്തായനിയമാനുസാരികളെയും നമ്പൂതിരിനിയമാനുസാരികളെയും ബാധിക്കുന്ന വ്യവസ്ഥയാണു്; 7 (2) അളിയസന്താനക്കാരെയും 7 (3) സ്ഥാനികളെയും ബാധിക്കുന്നു. ഇതിൽപ്പെടാത്തതും പിൻതുടച്ച്യാവകാശത്തെയും മററും ക്രമീകരിച്ചിട്ടുള്ളതുമായ സാമുദായികനിയമങ്ങൾ വേറെയും ഉണ്ടു്. അങ്ങിനെയുള്ള ഒന്നാണു് കൊച്ചിമക്കത്തായതീയ്യാആക്ടു് (1115-ൽ 17-ാം നമ്പ്ര് ആക്ടു്) ആ നിയമത്തെയും, മരുമക്കത്തായ-നമ്പൂതിരിനിയമങ്ങളെപ്പോലെ എടുത്തുപറഞ്ഞിട്ടില്ല. ഈ പിൻതുടർച്ച്യാവകാശനിയമത്തിൽ നിജപ്പെടുത്തിയിട്ടുള്ള പിൻതുടർച്ച്യക്രമത്തിൽനിന്നു വ്യത്യസ്തമാണു് മക്കത്തായതീയ്യാആക്ടിലെ വ്യവസ്ഥ; മകനു മക്കളുടെ ഇരട്ടി ഓഹരികിട്ടും, (മരിച്ച ആൾ പുരുഷനാവുകയും അവശേഷിച്ചിരിപ്പുള്ള അവകാശികൾ അയാളുടെ ആൺമക്കളും പെൺമക്കളും ആവുകയും ചെയ്താൽ) അവകാശപ്പെടാവുന്നതാണു്. [കൊച്ചിമക്കത്തായതീയ്യാആക്ടു് 39-ാംവകുപ്പു് നോക്കുക].

തീയ്യരുടെ മക്കത്തായനിയമവും മരുമക്കത്തായനിയമവും ഒരുപോലെ ഈ പിൻതുടർച്ച്യാവകാശനിയമത്തിൽ എടുത്തുപറഞ്ഞുകാണാത്തതുകൊണ്ടു തീയ്യസമുദായത്തിന്നു പുതിയ പിൻതുടർച്ച്യാവകാശനിയമം ബാധകമല്ലേ എന്നൊരു ചോദ്യം ഉന്നയിക്കപ്പെട്ടുകാണുന്നുണ്ടു്. അവർ ഹിന്ദുക്കളാണോ എന്ന സംഗതി തക്കമററതാണു്. ആ നിലക്കു് അവക്കും ഈ നിയമംതന്നെയാണു് ഇപ്പോൾ ബാധകമാവുന്നതു് എന്നു നിസ്സംശയം പറയാവുന്നതാണു്.

പിൻതുടർച്ച്യാവകാശനിയമത്തിലെ 18മുതൽ 29കൂടി വകുപ്പുകളിൽ വ്യവസ്ഥചെയ്തിട്ടുള്ളതു പിൻതുടർച്ച്യെപ്പററിയ പൊതുതത്വങ്ങളാണു്. (23-ാംവകുപ്പു് കുടിയിരിക്കുന്ന വീടിനെപ്പററിയ പ്രത്യേകവ്യവസ്ഥയാണു്, അതു മുകളിൽ വിവരിച്ചുകഴിഞ്ഞു) ഈ തത്വങ്ങൾ സ്ത്രീക്കും പുരുഷന്നും ഒരുപോലെ ബാധകവും ആണു്.

1. 18-ാംവകുപ്പ്: പൂർണ്ണരക്തബന്ധത്തിന്ന് അർദ്ധരക്തബന്ധത്തെക്കാൾ മുൻഗണന നല്കിയിരിക്കുന്നു. ഉദാഹരണം: A എന്നൊരാൾ രണ്ടു സ്ത്രീകളെ വിവാഹംചെയ്തു. $W_1$ $W_2$. $W_1$ന്ന് S എന്നും $S_1$ എന്നും രണ്ടു ആൺമക്കൾ ഉണ്ടായി, $W_2$ന്ന് $S_2$ എന്നും $S_3$ എന്നും രണ്ടാൺമക്കൾ. ഇതിലെ S എന്നാൾ അയാളുടെ അമ്മ ($W_1$)യും അച്ഛൻ Aയും മരിച്ചതിന്നുശേഷം ഒന്നാംക്ലാസിൽപ്പെട്ട യാതൊരവകാശികളുമില്ലാതെ മരിക്കുന്നു. അയാളുടെ ചെറിയമ്മ $W_2$, സഹോദരന്മാരായ $S_1$, $S_2$, $S_3$ എന്നിവർമാത്രം അവശേഷിക്കുന്നു. അയാളുടെ പിൻതുടർച്ചാവകാശം ആർക്കും കിട്ടും? ചെറിയമ്മ എന്നു പറയുന്നതു് അച്ഛന്റെ വിധവയാണ്. രണ്ടാംക്ലാസിലെ ആറാംസെററിൽപ്പെട്ട അവകാശി. സഹോദരൻ രണ്ടാംക്ലാസിലെ രണ്ടാംസെററിൽപ്പെട്ട ആളാണ്. അങ്ങിനെ വരുമ്പോൾ $W_2$ന്നവകാശമില്ല. $S_1$ പൂർണ്ണരക്തസഹോദരനാണ്, $S_2$, $S_3$ അർദ്ധരക്തസഹോദരന്മാർമാത്രമാണ്. 18-ാംവകുപ്പിലെ തത്വമനുസരിച്ച് $S_1$ മാത്രമാണ് അവകാശിയായിത്തീരുന്നതു്.

2. 19-ാംവകുപ്പ്: രണ്ടോ അതിലധികമോ അവകാശികൾ സ്വത്തു് എങ്ങിനെ വിഭജിച്ചെടുക്കുമെന്നാണ് ഈ വകുപ്പിൽ പറഞ്ഞിട്ടുള്ളതു്. (a) മരിച്ചാളുടെ സ്വത്തിന്നു് ഒരേ സമയം അവകാശികളായി വന്ന സമയത്തു്, മററുതരത്തിൽ പ്രത്യക്ഷമായി വ്യവസ്ഥചെയ്തിട്ടില്ലെങ്കിൽ, അവകാശികൾ ആളോഹരി വീതംവെച്ച് ആ സ്വത്തു ഭാഗിച്ചെടുക്കുന്നതാണ്. (b) അങ്ങിനെ ഭാഗിച്ചെടുത്തു് ഓരോ അവകാശിയും സ്വന്തമായി കൈവശം വെയ്ക്കുന്ന സ്വത്തു് ഓരോരുത്തർക്കും പൂർണ്ണാവകാശമുള്ള സ്വത്തായിത്തീരുന്നതാണ്. ആ സ്വത്തു് അവകാശികൾ കൂട്ടായി കൈവശം വെയ്ക്കുകയാണെങ്കിൽ കൂട്ടവകാശപ്പെട്ട സ്വത്തുമാത്രമേ ആകുകയുള്ളു. കൈവശം വെയ്ക്കുന്നവർ കൂട്ടവകാശികൾ, (Tenants-in-Common) അവശേഷിപ്പുതത്വമൊന്നും (Survivorship) ആ സ്വത്തിനെ ബാധിക്കുന്നതല്ല. കൂട്ടുകുടുംബസ്വത്തിന്റെയോ മറേറാ സ്വഭാവം (Joint tenancy) അതിന്നുണ്ടായിത്തീരുന്നതല്ല. ഓരോരുത്തന്നും അവനവന്റെ ഓഹരി മററാരുടെയും ഇടപെടൽകൂടാതെ പൂർണ്ണമായി വിക്രയംചെയ്യാവുന്നതാണ്.

3. 20-ാംവകുപ്പ്: ഗർഭസ്ഥശിശുവിന്നുള്ള അവകാശം. ആ ശിശുവിന്നും ഒരോഹരിക്കവകാശമുണ്ടായിരിക്കുന്നതാണ്. അതു ജീവനോടെ പിറന്നാൽ ഒസ്യത്തെഴുതാതെ മരിച്ചുപോയ ആൾ മരിക്കുന്നതിന്നു

മുമ്പു ജനിച്ചാലത്തെപ്പോലെ ഒരോഹരിയ്ക്കുള്ള അവകാശം അതിന്നും കിട്ടുന്നതാണ്. ഈ അവകാശം മരണത്തീയതിമുതൽക്കു ബലത്തിൽ വന്നതായി വിചാരിക്കുന്നതുമാണ്.

4. 21-ാംവകുപ്പ്: ആർ ആരെ അവശേഷിച്ചു എന്നു കണ്ടു പിടിക്കുവാൻ വയ്യാത്തവണ്ണം രണ്ടു പേർ ഒരേ സാഹചര്യത്തിൽ—ഒരുമിച്ചുതന്നെ എന്നു പറയാം—മരിച്ചിരുന്നാൽ പിൻതുടച്ച്യയെ ബാധിക്കുന്ന കാര്യങ്ങൾക്ക് എളയവൻ ജ്യേഷ്ഠനെ അവശേഷിച്ചു എന്നൂഹിക്കേണ്ടതാണ്. പ്രായംചെന്നവൻ മുമ്പേ മരിച്ചതായി ഊഹിക്കണമെന്ന് ഈ വകുപ്പിൽ നിർദ്ദേശിച്ചിരിക്കുന്നു. ('ഊഹ'മെന്നു പറയുന്നതു കൊണ്ടുതന്നെ മറവുതരത്തിൽ തെളിയിക്കുവാൻ സാധിക്കാത്തേടത്തോളം കാലംമാത്രമേ ഇതു ബലത്തിൽ ഉണ്ടായിരിക്കുകയുള്ളുവെന്നു വിദിതം.)

5. 22-ാംവകുപ്പ്: സ്വത്തു സമ്പാദിക്കു(വാങ്ങു)വാനുള്ള മുന്നവകാശത്തെയാണിതിൽ പറയുന്നതു്. (1) ഈ നിയമം നടപ്പിലായതിന്നുശേഷം, ഒസ്യത്തില്ലാതെ മരിച്ചുപോയ ഒരാളുടെ സ്ഥാവരസ്വത്തിന്മേലുള്ളതോ, അയാൾ തനിയേയോ കൂട്ടായോ നടത്തിവന്നിരുന്ന വ്യാപാരത്തിന്മേലുള്ളതോ ആയ അവകാശം ഒന്നാംക്ലാസ്സിൽ വിവരിച്ചിട്ടുള്ള രണ്ടോ അതിലധികമോ അവകാശികൾക്കു ലഭിക്കുകയും, അതിലാരെങ്കിലുമൊരാൾ ആ അവകാശത്തെ കൈമാററംചെയ്യുവാൻ ഉദ്ദേശിക്കുകയും ചെയ്യുമ്പോൾ, ആ അവകാശത്തെ മററവകാശികൾക്കു തങ്ങളുടെ പേക്കു കൈമാററംചെയ്തു കിട്ടുവാനുള്ള മുന്നവകാശമുണ്ടായിരിക്കുന്നതാണ്. (2) ഇങ്ങിനെ കൈമാററംചെയ്തു കിട്ടുവാനുള്ള അവകാശത്തിന്നുള്ള പ്രതിഫലം കക്ഷികൾതമ്മിൽ തീച്ച്പ്പെടുത്താത്തപക്ഷം, കോടതിയിൽ അതിന്നായി പ്രത്യേകം ഹരജി കൊടുത്തു തീച്ച്പ്പെടുത്തി മേടിക്കേണ്ടതും, അങ്ങിനെ തീച്ച്പ്പെടുത്തി കിട്ടുന്ന പ്രതിഫലം കൊടുത്തു് ആ അവകാശം തൻെറ പേരിൽ വാങ്ങുവാൻ മറേറ ആൾ തയ്യാറാവാത്തപക്ഷം കോടതിയിൽ ഹരജി കൊടുത്തതുമൂലമുണ്ടായിട്ടുള്ള സകലചിലവിന്നും ആ വിസമ്മതിച്ച ആൾ ഉത്തരവാദിയായിരിക്കുന്നതുമാകുന്നു. (3) ഒന്നാംക്ലാസ്സിൽപ്പെട്ട രണ്ടോ അധികമോ അവകാശികൾ ഈ അവകാശം തൻെറ പേക്കു കൈമാററംചെയ്തു കിട്ടണമെന്നു പറഞ്ഞു വരുന്നപക്ഷം ആരാണോ ഈ അവകാശത്തിന്നു കൂടുതൽ വിലവെയ്ക്കുന്നതു് ആയാൾക്കു കൈമാററംചെയ്തു കൊടുക്കേണ്ടതാണ്.

ഇവിടെ 'കോടതി'യെന്നാൽ ഏതു കോടതിയുടെ അധികാരപരിധിക്കകത്താണോ ആ സ്ഥാവരസ്വത്തു സ്ഥിതിചെയ്യുന്നതു്, അഥവാ,

ആ വ്യാപാരം നടക്കുന്നതു്, ആ കോടതിയെന്നാണു്. എന്നാൽ ഏതെങ്കിലും സ്റ്റേറ്റുഗവർമ്മെൻറു് ഔദ്യോഗികഗസററിൽ ഈ വകുപ്പുപ്രകാരമുള്ള കോടതി ഇന്ന കോടതിയായിരിക്കുമെന്നു വിജ്ഞാപനംചെയ്താൽ ആ കോടതി എന്നും ഇതിന്നർത്ഥം കല്പിക്കാവുന്നതാണു്.

6. 24-ാംവകുപ്പു്: പുനർവ്വിവാഹം ചില വിധവകൾക്കു പിൻതുടച്ചയ്ക്കുവകാശമില്ലാതാക്കിത്തീർക്കുന്നു. മൂന്നു പേർക്കാണു് ഇതു ബാധകമാക്കിയിട്ടുള്ളതു്: (1) മുമ്പേ മരിച്ച മകൻെറ വിധവ, (2) മുമ്പേ മരിച്ച മകൻെറ മുമ്പേ മരിച്ച മകൻെറ വിധവ, (3) സഹോദരൻെറ വിധവ. ഈ മൂവ്വരും പുനർവ്വിവാഹം ചെയ്തിരുന്നാൽ (ഒസ്യത്തില്ലാതെ മരിക്കുന്ന ആളുടെ മരണസമയത്തു പുനർവ്വിവാഹംചെയ്തു കഴിഞ്ഞവരാണെങ്കിൽ) പിൻതുടച്ച്യാവകാശമുണ്ടായിരിക്കുന്നതല്ല.

7. 25-ാംവകുപ്പു്: കൊന്നവന്നു കൊല്ലപ്പെട്ടവൻെറ സ്വത്തു പിൻതുടച്ചവഴിക്കു കിട്ടുവാനവകാശമില്ല. കൊന്നവന്നുള്ളതുപോലെതന്നെ കൊല്ലുവാൻ സഹായിച്ചവന്നും ഈ അയോഗ്യത ഉണ്ടായിരിക്കുന്നതാണു്. ഏതെങ്കിലും സ്വത്തിൻെറ പിൻതുടച്ചയെ ത്വരിതപ്പെടുത്തുന്നതിന്നായി (മുന്നോട്ടു കൊണ്ടുപോകുന്നതിന്നായി) കൊലപാതകം ചെയ്യുകയോ അതിന്നു സഹായിക്കുകയോ ചെയ്യുന്നാൾക്കും ആ സ്വത്തിന്നു പിൻതുടച്ചവഴിക്കവകാശപ്പെടാവുന്നതല്ല.

8. 26-ാംവകുപ്പു്: മതംമാറിയവൻെറ സന്താനങ്ങൾക്കു സ്വത്തിന്നവകാശമില്ല. ഈ നിയമം വരുന്നതിന്നു മുമ്പോ പിമ്പോ ഒരു ഹിന്ദു മതപരിവൎത്തനംമൂലം ഒരു ഹിന്ദുവല്ലാതായിത്തീൎന്നാൽ, മതപരിവൎത്തനത്തിന്നുശേഷം അയാൾക്കു പിറന്ന സന്താനങ്ങൾക്കും, അവരുടെ സന്തതിപരമ്പരകൾക്കും, അവരുടെ ഹിന്ദുബന്ധുക്കളിൽനിന്നു പിൻതുടച്ചവഴിക്കു സ്വത്തിന്നവകാശപ്പെടുവാനൎഹതയുണ്ടായിരിക്കയില്ല. എന്നാലാ സന്താനങ്ങളോ അവരുടെ സന്തതിപരമ്പരകളോ പിൻതുടച്ചത്തീൎച്ചതിക്കു ഹിന്ദുക്കളാണെങ്കിൽ ഈ അയോഗ്യത അവരെ ബാധിക്കുന്നതുമല്ല.

9. 27-ാംവകുപ്പു്: അവകാശി അയോഗ്യനായിത്തീൎന്നാലുള്ള പിൻതുടച്ച. ഏതെങ്കിലുമൊരവകാശി പിൻതുടച്ചവഴിക്കു സ്വത്തു കിട്ടുവാനയോഗ്യനായിത്തീരുക എന്നുവെച്ചാൽ അയാൾ ഒസ്യത്തില്ലാതെ മരിച്ച ആളുടെ മുമ്പുതന്നെ മരിച്ചതായി കണക്കാക്കി മരിച്ചാളുടെ സ്വത്തു മററുപേൎക്കു ലഭിക്കുക എന്നാണൎത്ഥം.

10. 28-ാംവകുപ്പ്: ദീനം, ന്യൂനത എന്നിവ പിൻതുടച്ച്യ്ക്കു യോഗ്യത വരുത്തുന്നതല്ല. ഏതുതരത്തിലുള്ള ദീനമായാലും, ഏതുതരത്തിലുള്ള ന്യൂനതയോ കുരൂപതയോ ആയാലും, യാതൊരാളും ആ കാരണത്താൽ പിൻതുടച്ച്യ്ക്കുയോഗ്യനായിത്തീരുന്നതല്ല. ഈ നിയമത്തിൽ വ്യവസ്ഥചെയ്തിട്ടുള്ളതല്ലാത്ത യാതൊരു കാരണത്താലും യാതൊരാളും പിൻതുടച്ച്യാവകാശത്തിന്നയോഗ്യനായി ഭവിക്കുന്നതല്ല.

11. 29-ാംവകുപ്പ്: ഗവമ്മെൻറിലേയ്ക്കു ലയിക്കൽ. ഈ നിയമത്തിൽ ചെയ്തിട്ടുള്ള വ്യവസ്ഥകളനുസരിച്ച് ഒരുവൻെറ അനന്തരാവകാശികളായി അയാളുടെ സ്വത്തിന്നവകാശപ്പെടുവാൻ ആളില്ലാതെ, ഒസ്യത്തില്ലാതെ മരിക്കുന്ന ആളുടെ സ്വത്തു ഗവമ്മെൻറിലേയ്ക്കു ലയിക്കുന്നതാണ്. എന്നാലാ സ്വത്ത് ഒരു പിൻതുടച്ച്യാവകാശിക്കു കിട്ടുകയാണെങ്കിലെന്നപോലെ അതിന്മേലുള്ള എല്ലാ ചുമതലകളും ബാദ്ധ്യതകളും ഗവമ്മെൻറു വഹിക്കേണ്ടതുമാണ്.

* * * *

ഒരു വകുപ്പുമാത്രമുള്ളതായ മൂന്നാമദ്ധ്യായം ഒസ്യത്തിനെസ്സംബന്ധിച്ചുള്ളതാണ്. 30-ാംവകുപ്പ്:

1925-ലെ ഇന്ത്യൻപിന്തുടച്ച്യാവകാശആക്ടിലെ (1925ൽ 39-ാം നമ്പ്ര് ആക്ട്) വ്യവസ്ഥയനുസരിച്ചോ, ഹിന്ദുക്കൾക്കു ബാധകമായതും നിലവിലിരിക്കുന്നതുമായ മറേറതൊരു നിയമമനുസരിച്ചോ, ഒസ്യത്തെഴുതി കൊടുക്കാവുന്നതായ ഏതൊരു സ്വത്തും ഏതൊരു ഹിന്ദുവിന്നും ഒസ്യത്തെഴുതി കൊടുക്കാവുന്നതാണ്. ഒസ്യത്തെഴുതി കൊടുക്കാവുന്നതായ സ്വത്തിൻെറ അത്ഥത്തിൽ മിതാക്ഷരക്കൂട്ടുകുടുംബസ്വത്തി(Coparcenary property)ന്മേൽ ഒരു ഹിന്ദുപുരുഷന്നുള്ള അവകാശത്തെയും; തറവാട്ട്, താവഴി, ഇല്ലം, കുടുംബം, കവറു എന്നിവയിലെ ഒരംഗത്തിന്ന് ആ തറവാട്ട്, താവഴി, ഇല്ലം, കുടുംബം, കവറു എന്നിവ വകയായുള്ള സ്വത്തിന്മേലുള്ള അവകാശത്തെയും ഉൾക്കൊള്ളിച്ചിട്ടുണ്ട്.

ഈ നിയമപ്രകാരം എല്ലാതരം സ്വത്തും—കൂട്ടുകുടുംബസ്വത്തിലെ ഭാഗിച്ചെടുക്കാത്തതായ അവകാശംപോലും—ഒരുവന്ന് ഒസ്യത്തെഴുതി കൊടുക്കാവുന്നതാണ്. മുമ്പു സ്വയാജ്ജിതമോ സ്വകാര്യമോ മറേറാ ആയുള്ള ഒരുവൻെറ പ്രത്യേകസ്വത്തിനെമാത്രമേ ഒസ്യത്തു ബാധിച്ചിരുന്നുള്ളു.

ഈ ഒസ്യത്തെഴുതി കൊടുക്കുവാനുള്ള ഒരുവൻെറ അവകാശത്തെ രണ്ടാം ഉപവകുപ്പിൽ ചെറിയൊരു പരിമിതിക്കു വിധേയമാക്കിയിട്ടുണ്ട്. അതിതാണ്:—ഒസ്യത്തെഴുതാതെ മരിക്കുന്ന ഒരാളുടെ അനന്തരാവകാശിയെന്ന നിലയ്ക്കു സ്വത്തിന്നവകാശപ്പെടാവുന്ന ഒരാൾക്കു മരിച്ചാളുടെ ഒസ്യത്തുമൂലം ആ അവകാശമില്ലാതായിത്തീരുകയും, എന്നാൽ അയാൾക്കു മരിച്ചാളുടെ സ്വത്തിൽനിന്നു ചിലവിന്നു കിട്ടുവാനുള്ള അവകാശം ഉണ്ടെന്നു വരികയും ചെയ്താൽ, പിൻതുടച്ച്വഴിക്കയാൾക്കു സ്വത്തു കിട്ടിയില്ലെങ്കിലും ചിലവിന്നു കിട്ടുവാനുള്ള അയാളുടെ അവകാശത്തെ മരിച്ചാളുടെ ഒസ്യത്തു ബാധിക്കുന്നതല്ല. [ഒസ്യത്തുപ്രകാരം സ്വത്തു കിട്ടുന്ന ആൾ തനിക്കു കിട്ടിയ സ്വത്തിന്മേൽ ചാർജ്ജായി നില്ക്കുന്ന ആ ബാദ്ധ്യതയെ വഹിക്കുകതന്നെ വേണം.]

* * * *

31-ാംവകുപ്പ്: ഏതെല്ലാം ആക്ട്കളാണ് ഈ നിയമത്താൽ റദ്ദാക്കപ്പെട്ടിട്ടുള്ളതെന്നു വിവരിക്കുന്നു. അവ (1) 1929-ലെ 2-ാംനമ്പ്ര്, (2) 1937-ലെ 18-ാംനമ്പ്ര് ആക്ട്കളാണ്. Hindu Law of Inheritance (Amendment) Act, 1929, and Hindu Women's Rights to Property Act, 1937.

## 6

ഈ പിൻതുടച്ച്വാവകാശനിയമം പലേ മാററങ്ങളും വരുത്തിയിട്ടുണ്ട്. അതിലൊന്നു പിൻതുടച്ച്വാവകാശത്തെസ്സംബന്ധിച്ചേടത്തോളം സ്വകാര്യസ്വത്തിന്നും കൂട്ടുകുടുംബസ്വത്തിലെ ഓഹരിക്കുംതമ്മിൽ യാതൊരു വ്യത്യാസവും ഇല്ലെന്നതാണ്. രണ്ടും ഒരുപോലെ അനന്തരാവകാശികൾക്കു ലയിക്കുന്നു. രണ്ടിനെയും ഒരാൾക്ക് ഒസ്യത്തുപ്രകാരം തനിക്കിഷ്ടമുള്ളവർക്കു കൊടുക്കാറാക്കിത്തീർത്തിട്ടുണ്ട്. ഭാഗിക്കുവാൻ അധികാരമുണ്ടോ ഇല്ലയോ എന്ന ചോദ്യമേ ഇല്ല. കൂട്ടുകുടുംബസ്വത്തിലെ അവകാശം മരിച്ചാളുടെ അനന്തരാവകാശികൾക്കു ലഭിക്കുമെന്നു വന്നപ്പോൾ ചില കുഴപ്പത്തിന്നു് ഇടയായേയ്ക്കാം.

1. നമ്പൂതിരിനിയമം, മരുമക്കത്തായനിയമം എന്നിവ അനുസരിക്കുന്ന ജനവിഭാഗത്തിലെ ഒരു കുടുംബക്കാരണവന്ന് ആ കുടുംബത്തിലെ പൊതുസ്വത്തു കൈവശംവെയ്ക്കുവാനും, കുടുംബത്തെയ്ക്കുവേണ്ടി പിരിവുകൾ നടത്തി ചിലവുകൾചെയ്തു സകലവിധഭരണങ്ങൾ നട

ക്കുവാനും അധികാരമുണ്ടു്. ആയാൾക്കു കുടുംബത്തെ പ്രതിനിധീകരിക്കുവാൻ പൂൎണ്ണമായ അവകാശമുള്ളതാണു്. ഈ അവകാശത്തെ പിൻതുടൎച്ചനിയമമെങ്ങിനെ ബാധിക്കുന്നുവെന്നു നോക്കാം. കുടുംബസ്വത്തിലെ ഒരാൾക്കുള്ള അവകാശം അനന്തരാവകാശികൾക്കു ലഭിക്കാറാക്കിയിട്ടുണ്ടു്. ആ അവകാശത്തെ ഒസ്യത്തെഴുതി കൈമാററംചെയ്തു കൊടുക്കുവാനും ഓരോ അംഗത്തിനും അവകാശമുണ്ടു്. ഇത്രമാത്രമേ കുടുംബസ്വഭാവത്തെസ്സംബന്ധിച്ച മാററം ചെയ്തിട്ടുള്ളു. സ്ഥാനികളെയും സ്ഥാനസ്വത്തിനെയും സംബന്ധിച്ചു് അങ്ങിനെയല്ല. ഒരു സ്ഥാനി ഈ നിയമം നടപ്പിൽ വന്നതിൽപ്പിന്നെ മരിച്ചുകഴിഞ്ഞാൽ ആ സ്ഥാനികുടുംബവും സ്ഥാനിസ്വത്തും നാമാവശേഷമായി. പിന്നീടു് ആ സ്വത്തു് ഓരോ അംഗത്തിൻെറയും സ്വകാൎയ്യസ്വത്തായി, കുടുംബം വിഭജിച്ച പിരിയലും കഴിഞ്ഞു. ഈ ഒരു നില നമ്പൂതിരികുടുംബത്തെപ്പററിയോ മരുമക്കത്തായകുടുംബത്തെപ്പററിയോ കൈക്കൊണ്ടിട്ടില്ല. ഭാഗിക്കുവാനവകാശമില്ലാത്തതോ ഉള്ളതോ, താവഴിഭാഗംമാത്രമുള്ളതോ ആളോഹരി ഭാഗം അനുവദിച്ചിട്ടുള്ളതോ, ആയ ഏതെങ്കിലും കുടുംബമായിക്കൊള്ളട്ടെ; എന്തുതന്നെയായാലും ഒസ്യത്തെഴുതാതെ ഒരംഗം മരിച്ചാൽ അയാൾക്കു് അയാളുടെ കൂട്ടുകുടുംബസ്വത്തിന്മേലുള്ള ഓഹരി, മരിക്കുന്നതിന്നു തൊട്ടടുത്തു മുമ്പു കുടുംബസ്വത്തു് ആളോഹരിയായിട്ടു ഭാഗിച്ചിരുന്നാലെന്തു സ്വത്തു കിട്ടുമായിരുന്നുവോ ആ ഓഹരി, അയാൾക്കു മരിക്കുന്നതിന്നു മുമ്പു പൂൎണ്ണാവകാശത്തോടുകൂടി തിരിച്ചുകൊടുത്തതായി, വിചാരിക്കേണം എന്നാണു് വ്യവസ്ഥ ചെയ്തിട്ടുള്ളതു്. [7 (1)-ാം വകുപ്പിലെയും 7 (3)-ാംവകുപ്പിലേയും വാക്കുകളുടെ വ്യത്യാസം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണു്.] അതായതു്, കൂട്ടുകുടുംബത്തിൽനിന്നൊരാളെ അയാളുടെ സ്വത്തു തിരിച്ചു കൊടുത്തു പറഞ്ഞയച്ചുവെന്നുമാത്രം. ഒരുദാഹരണമെടുക്കാം. പത്താളുള്ള ഒരു കൂട്ടുകുടുംബത്തിൽ ഒരാൾ മരിക്കുന്നു. കൂട്ടുകുടുംബസ്വത്തിലെ പത്തിലൊന്നോഹരി ഭാഗിച്ചു മരിച്ച ആൾ പിരിഞ്ഞതായും, ആ ആളുടെ അവകാശികൾ ആ ഓഹരി എടുക്കുന്നതായും വന്നുചേരുന്നു. പിന്നെ ആ കൂട്ടുകുടുംബം ഒമ്പതുപേരോടും പത്തിൽ ഒമ്പതുഭാഗം സ്വത്തോടുംകൂടി അവശേഷിക്കുന്നു (നിലനില്ക്കുന്നു). ഒരാൾ ഭാഗിച്ചുപോയി, പത്തുപേർ ചേൎന്നു പിന്നെയും കൂട്ടുകുടുംബംതന്നെ തുടരുന്നു. ആ കൂട്ടുകുടുംബത്തിലെ കാരണവൎക്കു നമ്പൂതിരി-മരുമക്കത്തായ നിയമങ്ങളനുസരിച്ചുള്ള കാരണവരുടെ എല്ലാ അവകാശവും ഉണ്ടായിരിക്കും. പക്ഷേ ഒരാൾ മരിച്ചുകഴിഞ്ഞാലുടനെ അയാളുടെ അവകാശി

കർക്കുള്ളതു തിരിച്ചുകൊടുത്തു രേഖ റജിസ്റ്റാക്കിച്ചു മേടിക്കുവാൻ സംഘമുമായെന്നു വരികയില്ല. അതു കഴിയുന്നതുവരെ പിരിവു നടത്തുവാനും മററും കാരണവക്കു തന്നിയേ എങ്ങിനെയധികാരമുണ്ടാവും? മരിച്ചാളുടെ അവകാശികൾക്കു ചെല്ലേണ്ട ഓഹരി കൂട്ടകുടുംബസ്വത്തു് അല്ലാതായിക്കഴിഞ്ഞു, പക്ഷേ ആ സ്വത്തു വേറിട്ടു തിരിച്ചുകഴിഞ്ഞിട്ടില്ല. അപ്പോൾ കാരണവക്കു് ആ ഓഹരിയുൾപ്പെടെയുള്ള സ്വത്തിനെ പ്രതിനിധീകരിക്കുവാനധികാരമുണ്ടാവില്ല. പിരിയേണ്ടതു പിരിക്കുവാൻ വിഷമമായി. മരിച്ചാളുടെ അവകാശികളുമെല്ലാംകൂടി ചേന്നാവശ്യപ്പെട്ടാലല്ലാതെ കൊടുക്കേണ്ടവർ സംഖ്യകളെങ്ങിനെ കൊടുക്കും? കാൎയ്യം കുഴപ്പത്തിലായി. പിരിയേണ്ടതു പിരിയാതെ കുടുംബകാൎയ്യങ്ങൾ നിൎവ്വഹിക്കുവാനൊരു മാൎഗ്ഗവുമില്ല. ഇതിന്നൊരു പോംവഴി, ഒരു വ്യവസ്ഥ, നിയമത്തിൽ നിൎദ്ദേശിക്കേണ്ടതായിരുന്നു.

2. മറെറാരു കുഴപ്പമിതാണു്: ശേഷക്രിയ ചെയ്യേണ്ടവർ ഒരാൾ, സ്വത്തിന്നവകാശികൾ മററു ചിലർ എന്നു വരുന്നതുകൊണ്ടുള്ള വിഷമതകൾ. ശേഷക്രിയയ്ക്കുള്ള ചിലവുകൾ ആർ ചെയ്യണം? ഒരുദാഹരണമെടുക്കാം: ഒരു നമ്പൂതിരികുടുംബത്തിലെ 'എ' എന്നൊരപ്ഫൻ മരിക്കുമ്പോൾ അദ്ദേഹത്തിൻെറ അവകാശികളായി രണ്ടു സഹോദരിമാരും, അദ്ദേഹത്തിൻെറ ജ്യേഷ്ഠൻെറ പുത്രന്മാരുംമാത്രം അവശേഷിക്കുന്നു എന്നു വിചാരിക്കുക. രണ്ടുകൂട്ടരും രണ്ടാംക്ലാസിൽപ്പെട്ടവരാണു്. സഹോദരിമാർ രണ്ടാംസെററിൽപ്പെട്ടവർ, ജ്യേഷ്ഠപുത്രന്മാർ നാലാംസെററിൽപ്പെട്ടവർ. അതിനാൽ സ്വത്തിന്നവകാശികളാകുന്നതു സഹോദരിമാർമാത്രമാണു്. അവരെ അന്യകുടുംബത്തിലേയ്ക്കു വിവാഹംചെയ്തുകൊടുത്തുപോയിട്ടുള്ളതുമാണു്. ജ്യേഷ്ഠപുത്രന്മാർ 'എ'യുടെ ഒരുമിച്ചു് അതേ കുടുംബത്തിലെ അംഗങ്ങളായി കഴിയുന്നു. അവരാണു് ശേഷക്രിയ ചെയ്യേണ്ടവർ. എയുടെ സ്വത്തിൽനിന്നു ശേഷക്രിയച്ചിലവുകൾ ചെയ്തുവെന്നാൽ അനന്തരാവകാശികളായ സഹോദരിമാർ അതു് അനുവദിച്ചുകൊടുക്കണമോ? കൊടുക്കുമോ? ശേഷക്രിയ ചെയ്യുന്നതു സ്വത്തു കിട്ടുമെന്നുള്ള ചിന്തകൊണ്ടല്ലായിരിക്കും. സമുദായാചാരമനുസരിച്ചു നടത്തേണ്ട ക്രിയകൾ നടത്തുന്നുവെന്നുമാത്രമേ ഉണ്ടായിരിക്കുകയുള്ളു. എങ്കിലും, കാലക്രമംകൊണ്ടു് ഇങ്ങിനെയൊരു വിഷമതയിലെത്തിയേയ്ക്കാം.

1114-ലെ 17-ാംനമ്പ്ര് ആക്ടായ കൊച്ചിനമ്പൂതിരിനിയമത്തിലെ 28-ാം വകുപ്പനുസരിച്ചാണു് പിന്തുടച്ചാവകാശം ഉണ്ടാവുന്നതു്.

എങ്കിലും മേലെഴുതിയ ഉദാഹരണത്തിലെ 'എ'യുടെ അനന്തരാവകാശികൾ അദ്ദേഹത്തിന്റെ അതേ സഹോദരികൾതന്നെയാണു്. പക്ഷേ അതദ്ദേഹത്തിന്റെ വിഭക്തസ്വത്തിന്നോ സ്വകാര്യസ്വത്തിന്നോ മാത്രമേയുള്ളു. അദ്ദേഹത്തിന്റെ കൂട്ടുകുടുംബസ്വത്തിലെ അവകാശം അവശേഷിപ്പുതത്വ(Surviorship)മനുസരിച്ച് കുടുംബത്തിനുതന്നെ ലയിക്കുന്നു.

ശേഷക്രിയയ്ക്കുള്ള ചിലവിനെസ്സംബന്ധിച്ച്, ഹിന്ദുമിതാക്ഷരക്കൂട്ടുകുടുംബ(Coparcenary)മായാലും, "മലബാർനിയമ"പ്രകാരമുള്ള നമ്പൂതിരി-മരുമക്കത്തായകുടുംബങ്ങളായാലും കുടുംബത്തലവന്നോ കാരണവരോ കുടുംബസ്വത്തിൽനിന്നു ചിലവുചെയ്തു നടത്തേണ്ടതുതന്നെയാണു്. അങ്ങിനെ വരുമ്പോൾ, മേൽപ്പറഞ്ഞ ഉദാഹരണത്തിലെ 'എ' മരിയ്ക്കുമ്പോൾ, ശേഷക്രിയയ്ക്കുള്ള ചിലവ് എ.യുടെ ഓഹരി (അതു മരിക്കുന്നതോടുകൂടി അവകാശികൾക്കു പോയല്ലോ) നീക്കി ബാക്കിയുള്ള കൂട്ടുകുടുംബസ്വത്തുകൊണ്ടു നിർവ്വഹിക്കാവുന്നതാണു്. ഇങ്ങിനെ ചെയ്യുന്നതു ന്യായമല്ല; കൂടുതൽ ഔചിത്യവും ന്യായവും എ.യുടെ ഓഹരിയിൽനിന്നു് ഈ ചിലവുകൾ കഴിച്ച് ബാക്കിയുള്ളതുമാത്രം അനന്തരാവകാശികൾക്കു ലയിക്കുമെന്നു വ്യവസ്ഥചെയ്യുകയായിരുന്നു. മുഹമ്മദീയരുടെ നിയമത്തിലുള്ളതുപോലൊരു വ്യക്തമായ വ്യവസ്ഥ ഈ നിയമത്തിലും വെച്ചിരുന്നാൽ നന്നാകുമായിരുന്നു.

3. സ്ഥാനസ്വത്തിനെസ്സംബന്ധിച്ചും സ്വല്പം കുഴപ്പമോ അവ്യക്തതയോ ഇല്ലാതില്ല. സ്ഥാനി രണ്ടുതരത്തിലാണു്. പുരുഷൻ ആ സ്ഥാനത്തേയ്ക്കവരോധിക്കപ്പെടുന്നതു്, സ്ത്രീ അവരോധിക്കപ്പെടുന്നതു്. ഈ പിൻതുടച്ച്വാവകാശനിയമം പുരുഷസ്ഥാനിസ്വത്തിനെമാത്രമേ ബാധിച്ചിട്ടുള്ളുവെന്നു തോന്നാം. 7 (3)ലെ വിവരണത്തിൽ "The male members of which would have been entitled by any custom or usage to succeed to the position of sthanamdar." എന്നു് എടുത്തു പറയുന്ന സ്ഥിതിക്കു സ്ത്രീസ്വത്തിനെ എങ്ങിനെ ബാധിക്കും? 3 (2)ലേയ്ക്കു കടന്നുനോക്കാം, വല്ല വഴിയുമുണ്ടോ എന്നതിന്നു്. 3 (2) ഇതാണു്: "In this Act, unless the context otherwise requires, words importing the masculine gender shall not be taken to include females." 'Unless the context otherwise requires' എന്നുണ്ടു്. അതായതു്, 'സന്ദർഭം മററുതരത്തിലാവശ്യപ്പെടാത്തപക്ഷം' പുല്ലിംഗസൂചക

പദങ്ങൾ സ്ത്രീകൾക്കുകൂടി ബാധകമാകുന്നതായി വിവക്ഷിക്കുവാൻ പാടുള്ളതല്ല.

സ്ഥാനികളെയും സ്ഥാനസ്വത്തിനെയും നിശ്ശേഷം നശിപ്പിക്കുവാനായി ഉദ്ദേശിച്ചതായി തോന്നുന്ന 7 (3)ലെ വാക്കുകളിൽനിന്നു സ്ത്രീസ്ഥാനികളെയോ സ്ത്രീസ്ഥാനസ്വത്തുക്കളെയോ നീക്കിനിൎത്തുന്നതു് സന്ദൎഭത്തിന്നു യോജിച്ചതാകുമോ? ഈ ഉപവകുപ്പിലെ വാക്കുകളിൽ അങ്ങിനെയുള്ളവരും ഉൾക്കൊള്ളുമെന്നു വിവക്ഷിക്കുന്നതല്ലേ ന്യായം? ഇത്തരം ചോദ്യങ്ങൾക്കിടംകൊടുക്കാതെ, 7 (3)ലെ വാക്കുകളെല്ലാതരം സ്ഥാനികളെയും സ്ഥാനസ്വത്തിനെയും ബാധിക്കുന്നവയാക്കാമായിരുന്നു.

4. ഈ പിൻതുടച്ചാവകാശനിയമംകൊണ്ടു സമുദായമദ്ധ്യത്തിലെ ചില അനീതികൾ, ചില വ്യത്യസ്തവ്യവസ്ഥകൾ, ഇല്ലായ്മചെയ്തിട്ടുണ്ടു്. മകനും മകൾക്കും തുല്യാവകാശം കൊടുത്തു. മലബാർനിയമം വളരെക്കാലമായി അംഗീകരിച്ചിട്ടുള്ള ഒരു തത്വമാണു് സ്ത്രീയ്ക്കും പുരുഷനോടൊപ്പംതന്നെ അവളുടെ സ്വത്തിന്മേലെ പൂൎണ്ണ ഉടമാവകാശം. ഈ അവകാശം ഹിന്ദുമിതാക്ഷരനിയമാവലംബിനിയായ സ്ത്രീയ്ക്കുമിപ്പോൾ കിട്ടി. നായർആക്ടു്, മരുമക്കത്തായആക്ടു് എന്നിവയിലൊരു വ്യവസ്ഥയുണ്ടു്: കൊച്ചി നായർആക്ടു് 41-ാംവകുപ്പിൽ, നായരല്ലാത്തൊരു പുരുഷൻ ഒസ്യത്തില്ലാതെ മരിച്ചുപോയാൽ, അയാൾക്കു നായർജാതിയിൽ ഭാൎയ്യാമക്കളോ മററവകാശികളോ ഉണ്ടായിരുന്നാൽ, അയാൾക്കയാളുടെ ജാതിനിയമമനുസരിച്ചുള്ള സ്വജാതിയിലെ പിൻതുടച്ചാവകാശികൾ വല്ലവരും ഉള്ളപക്ഷം, അയാളുടെ സ്വകാൎയ്യമോ സ്വയാൎജ്ജിതമോ ആയ സ്വത്തിൻെറ പകുതിവീതം നായർജാതിയിലെ അവകാശികൾക്കു കിട്ടുന്നതാണു് എന്നു വ്യവസ്ഥചെയ്തിട്ടുണ്ടു്. ഇതുപോലുള്ള ഒരു വ്യവസ്ഥ കൊച്ചിമരുമക്കത്തായആക്ടിലുമുണ്ടു്—മരുമക്കത്തായ ആക്ടു് 20-ാംവകുപ്പു്; മദിരാശിമരുമക്കത്തായ ആക്ടു് 30-ാംവപ്പും ഇതുപോലെതന്നെയാണു് വ്യവസ്ഥചെയ്തിട്ടുള്ളതു്.

ഒരുപക്ഷേ നായർജാതിയിലോ മരുമക്കത്തായജാതിയിലോ മരിച്ചആൾക്കു കൂടുതൽ അവകാശികളുണ്ടു്, സ്വജാതിയിൽ കുറച്ചുപേർമാത്രമേ ഉള്ളുവെന്നും വരാം. സ്വത്തു പകുതിമാത്രമേ നായർമരുമക്കത്തായ അവകാശികൾക്കു കിട്ടുന്നുള്ളു. വാസ്തവത്തിൽ ഒപ്പം കിട്ടേണ്ടതാണു് ഓരോ അവകാശിക്കും മരിച്ചാളുടെ സ്വത്തു്, ജാതിചിന്തകൂടാതെ. സ്വ


ജാതിയിലധികം അവകാശികളുണ്ടു്, നായരിലോ മറേറാ വളരെ കുറച്ചു പേർമാത്രമേ ഉള്ളുവെന്നും വരാം. അവിടെയും നായർ-മരുമക്കത്തായ-ജാതികളിലെ അവകാശികൾ സ്വത്തിന്റെ പകുതിയെടുക്കുന്നു. ജാതിവ്യത്യാസം കൂടാതെ ഉള്ള അവകാശികളെയെല്ലാം ഒന്നിച്ചുചേർത്തു സമമായി വീതിച്ചെടുക്കുകയാണു് ന്യായമായി ചെയ്യേണ്ടതു്. ഇന്നു പിൻതുടർച്ചാവകാശനിയമമിങ്ങനെയാണു് മരിച്ചാളുടെ സ്വത്തു് അവകാശികൾക്കു വീതിച്ചുകൊടുക്കുന്നതു്. ഉദാഹരണം: ഒരു നായരേതരൻ മരിക്കുമ്പോൾ അയാൾക്കു് അയാളുടെ ജാതിയിൽ ഭാര്യയും മക്കളുംകൂടി 8 പേരും നായർജാതിയിൽ ഭാര്യയും മക്കളുംകൂടി 4 പേരും ഉണ്ടെന്നിരുന്നാൽ ഒട്ടാകെ അവകാശികൾ 12 പേർ. എല്ലാവരും ഒന്നാംക്ലാസ്സിൽപ്പെട്ടവരും. രണ്ടു പേർ വിധവമാരാണു്, പത്തുപേർ അയാളുടെ മക്കളും. ഒട്ടാകെയുള്ള സ്വത്തു് 11 ആയി ഭാഗിച്ചു് ഓരോ വീതം ഓരോ മക്കളും (അങ്ങനെ പത്തു ഭാഗം തീരുന്നു) ബാക്കിയുള്ള ഒരു വീതം രണ്ടു വിധവമാർ സമമായും എടുക്കുന്നു.

5. പുതിയ പിൻതുടർച്ചാവകാശനിയമംകൊണ്ടു സ്ത്രീകളുടെ നില പൊതുവേ മെച്ചപ്പെട്ടിട്ടുണ്ടു്. അതിലും കൂടുതലായി നമ്പൂതിരിസ്ത്രീയുടെ നില മെച്ചപ്പെടുന്നതാണു്. സ്വതവേ ഒരു നമ്പൂതിരിസ്ത്രീക്കു്, മററു മലബാർനിയമാനുസാരിണികളെപ്പോലെ, പിറന്ന ഗൃഹത്തിൽ അംഗത്വവും സ്വത്താവകാശവും പൂർണ്ണമായി ഉണ്ടു്. എന്നാൽ അവളുടെ വിവാഹത്തോടെ ആ അവകാശം അവൾക്കു നഷ്ടപ്പെട്ടുപോകുന്നുണ്ടെങ്കിൽ, വിവാഹംചെയ്തു കൊണ്ടുവന്ന ഗൃഹത്തിലെ അംഗത്വവും സ്വത്തവകാശവും അവൾക്കു കിട്ടുന്നു. മാത്രമല്ല, ജനിച്ച ഗൃഹത്തിലെ അമ്മയിൽനിന്നോ അച്ഛനിൽനിന്നോ പിൻതുടർച്ചാവകാശവഴിക്കും സ്വത്തു കിട്ടുന്നു. വിവാഹിതയോ അവിവാഹിതയോ എന്ന വ്യത്യാസം പിൻതുടർച്ചയെസ്സംബന്ധിച്ചേടത്തോളം ഇപ്പോൾ ചിന്താവിഷയമല്ല. മരിച്ചാളുടെ മകളായാൽ മതി അവകാശിയാകുന്നതിന്നു്.

മുമ്പേ ഭാഗിച്ചു പിരിഞ്ഞുപോയ ഒരവകാശിക്കു പിന്നീടു മരിച്ചു ആളുടെ സ്വത്തിന്നവകാശപ്പെടാമോ എന്നുള്ള സംഗതിക്കു ഹിന്ദുമിതാക്ഷരക്കൂട്ടുകുടുംബത്തെ(Coparcenary)സ്സംബന്ധിച്ചുമാത്രം ഒരു വിവരണം 6-ാംവകുപ്പിൽ രണ്ടാംവിവരണമായി കൊടുത്തിട്ടുണ്ടു്. അങ്ങിനെയൊരു വിവരണം മറെറങ്ങും കാണുന്നില്ല—7 (1), 7 (2) എന്നീ വകുപ്പുകൾ നോക്കുക. ആ നിലയ്ക്കു മുമ്പേ ഭാഗിച്ചു പിരിഞ്ഞുപോയ ഒരവ

കാശിക്കും, മററു തടസ്ഥങ്ങളൊന്നുമില്ലെങ്കിൽ, മരിച്ചാളുടെ സ്വത്തിന്നു മരുമക്കത്തായ-അളിയസന്താന-നമ്പൂതിരിനിയമാനുസാരികൾക്കു് അവകാശപ്പെടാവുന്നതാണു്.

ഉദാഹരണം:




എ എന്നൊരാൾ മരിക്കുമ്പോൾ അയാളുടെ ഭാര്യയും വിവാഹം ചെയ്തുപോയ മകൾ $d_1$, അവിവാഹിതമകൾ $d_2$, മുമ്പേ ഭാഗിച്ചു പിരിഞ്ഞുപോയ മകൻ $s_1$, ഭാഗിച്ചുപോവാത്ത മകൻ $s_2$ എന്നിവർ അവശേഷിച്ചിരിപ്പുണ്ടു്. ഹിന്ദുമിതാക്ഷരക്കൂട്ടുകുടുംബമാണെങ്കിൽ 6-ാംവകുപ്പിലെ രണ്ടാംവിവരണമനുസരിച്ചു മുമ്പേ ഭാഗിച്ചു പിരിഞ്ഞുപോയ $s_1$ന്നു് എ.യുടെ സ്വത്തിൻെറ അവകാശം കിട്ടുന്നില്ല. എ. മരിക്കുമ്പോൾ $s_1$ ജീവിച്ചിരിപ്പില്ല, പൌത്രി $d$ ജീവിച്ചിരിപ്പുണ്ടു് എന്നുവരികിൽ അവൾക്കും അവകാശം കിട്ടുകയില്ല. സ്വത്തിനെ 4 ആയി ഭാഗിച്ചു് ഓരോ വീതം ഭാര്യ, $s_2$, $d_1$, $d_2$ എന്നിവർ എടുക്കുന്നു. നമ്പൂതിരികുടുംബമാണെങ്കിൽ, 6-ാംവകുപ്പു രണ്ടാംവിവരണത്തിലെ നിഷേധം 7 (1)ൽ കാണാത്തതുകൊണ്ടു് $s_1$ന്നും എ.യുടെ സ്വത്തിൻെറ വിഹിതം കിട്ടുമെന്നു വിചാരിക്കണം. അപ്പോൾ 5 ആയി ഭാഗിച്ചു ഭാര്യ, $s_1$, $s_2$, $d_1$, $d_2$ എന്നിവർ ഓരോ വീതം എടുക്കുന്നു. $s_1$ മരിച്ചു $d$ ആണു് അന്നു ജീവിച്ചിരിപ്പുള്ളതു് എങ്കിൽ ഒരു വീതം $d$ ആണു് എടുക്കുന്നതു്. മരുമക്കത്തായക്കാൎക്കും അളിയസന്താനക്കാൎക്കും ഇതുപോലെതന്നെയാണു്.

6. ഇന്നത്തെ പിൻതുടച്ചാവകാശനിയമപ്രകാരം ഒന്നാംക്ലാസ്സവകാശികളിൽ എട്ടുപേർ സ്ത്രീകളാണു്, മുൻഗണനാധികാരികൾ. എന്നാൽ നമ്പൂതിരിആക്ടുപ്രകാരം മുൻഗണനാധികാരികളായി വിധവയും, അവിവാഹിതപുത്രിയും, മുമ്പേ മരിച്ചുപോയ പുത്രൻെറ അവിവാഹിതപുത്രിയും മാത്രമേ വൎത്തിക്കുന്നുള്ളു. [കൊച്ചി നമ്പൂതിരിആക്ടു്വകുപ്പു് 26, മദിരാശി നമ്പൂതിരിആക്ടു്വകുപ്പു് 18, തിരുവിതാംകൂർമലയാളബ്രാഹ്മണആക്ടു്വകുപ്പു് 15]. തിരുവിതാംകൂർ ആക്ടിൽ വിവാഹിത-

അവിവാഹിതവ്യത്യാസമില്ലാതെ മരിച്ചാളുടെ ആൺമക്കളെയും പെൺമക്കളെയും തുല്യാവകാശികളാക്കിയിട്ടുണ്ടു്. അതുപോലെ മുമ്പെ മരിച്ചുപോയ മകന്റെയും മകളുടെയും സന്താനങ്ങളെയും ഉൾപ്പെടുത്തിയിട്ടുണ്ടു്.

ഇതുപോലെ രണ്ടാംക്ലാസ്സവകാശികളുടെ എണ്ണത്തിലും സ്ത്രീകളുടെ സംഖ്യ വർദ്ധിച്ചിട്ടുണ്ടു്. കൊച്ചിനമ്പൂതിരിആക്ടു് 28-ാംവകുപ്പു്, മദിരാശിനമ്പൂതിരിആക്ടു് 20-ാംവകുപ്പു് എന്നിവയിൽ വിവരിച്ചിട്ടുള്ളവരെയാണു് രണ്ടാംക്ലാസ്സവകാശികളായി നമ്പൂതിരിനിയമപ്രകാരമെടുക്കുന്നതു്. തിരുവിതാംകൂർമലയാളബ്രാഹ്മണനിയമം 16-ാംവകുപ്പിൽ മരിച്ചാളുടെ ഇല്ലത്തെ ശേഷിച്ച അംഗങ്ങളാണു് രണ്ടാംക്ലാസ്സവകാശികളായി കണക്കാക്കിയിട്ടുള്ളതു്.

നായരെയോ മരുമക്കത്തായികളെയോ സംബന്ധിച്ചേടത്തോളം പറയുകയാണെങ്കിൽ അവിടെയും സ്ത്രീകളുടെ എണ്ണം വർദ്ധിപ്പിച്ചിട്ടുണ്ടു്. സ്വന്തം പെൺമക്കളും, പെൺമക്കൾവഴിക്കുള്ള സന്താനങ്ങളും അമ്മയും വിധവയുമാണു് മുൻഗണനസ്ഥരായ അവകാശികളെന്നു കൊച്ചിനായർആക്ടു് വകുപ്പു് 28, മദിരാശിമരുമക്കത്തായആക്ടു്വകുപ്പു് 19 എന്നിവകളെക്കൊണ്ടു കാണാവുന്നതാണു്. പുതിയ നിയമപ്രകാരം പിൻതുടച്ച കൂടുതൽ മക്കത്തായമാക്കിയിട്ടുണ്ടു്. ഇന്നു മക്കത്തായികൾക്കും മരുമക്കത്തായകൾക്കും മിക്കവാറും ഒരേയൊരു ക്രമംതന്നെയാണു് പിൻതുടച്ചയിലംഗീകരിച്ചിട്ടുള്ളതു്. 8-ാംവകുപ്പിൽ (a) (b) എന്നീ ഖണ്ഡികകളിൽ മക്കത്തായിയെന്നോ മരുമക്കത്തായിയെന്നോ ഉള്ള ഭേദങ്ങൾ സ്വീകരിച്ചിട്ടില്ല. മരുമക്കത്തായികളെസ്സംബന്ധിച്ചേടത്തോളം (സി) (ഡി) എന്നീ ഖണ്ഡികകൾ ഒന്നിച്ചുചേർത്തു് Agnates-Cognates വ്യത്യാസമില്ലാതാക്കിത്തീർത്തു—8 (c) (d) എന്നീ ഖണ്ഡികകളും 17-ാംവകുപ്പും നോക്കുക.

തൃശ്ശിവപേരൂർ

മംഗളോദയം പ്രസ്സിൽ

അച്ചടിച്ചതു്.

**KOTTAYAM PUBLIC LIBRARY**

**KOTTAYAM**

Cl. No. M224 Acc. No. 11137

This book should be returned on or before the date last stamped below.

| | | |
|---|---|---|
| 26 NOV 2022 | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |

If the book is not returned on due date
a fine of 25 Ps. per day will be charged

M 294
MAN-11

11137

മംഗളോദയംപ്രസ്

ഹിന്ദുപിൻതുടൎച്ചാവകാശനിയമം

KOTTAYAM PUBLIC LIBRARY

Call No. M 294 MAN-H Acc. No. 11137

Author മംഗളോദയം പ്രസ്

Title [illegible]